നമ്പർ.ക്യൂ.ഐ.പി.1/9141/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 04.06.2020.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം).
എല്ലാ എ.ഡി മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം).
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-ഓൺ ലൈൻ ക്ലാസ്സ് - മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് -

സൂചന:- സ.ഉ.(സാധാ)നം.1726/2020/പൊ.വി.വ. തീയതി: 29.05.2020.

കോവിഡ് 19 ലോക്ഡൗൺ പശ്ചാതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ച വീഡിയോ ക്ലാസ്സുകളുടെയും തുടർന്നു വരുന്ന അക്കാദമിക പ്രവർത്തനങ്ങളുടെയും വിശദവിവരങ്ങൾ പ്രതിപാദിക്കുന്ന മാർഗ്ഗരേഖ തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :- ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
ഡയറക്ടർ, എസ്.ഐ.ഇ.ടി
ഡയറക്ടർ, സീമാറ്റ്



# ഓൺലൈൻ പഠനം
# മാർഗ്ഗരേഖ

### ജൂൺ–2020
## പൊതുവിദ്യാഭ്യാസ വകുപ്പ്
**നമ്പർ.ക്യൂ.ഐ.പി.1/9141/2020/ഡി.ജി.ഇ, തീയതി 04.06.2020**
**സൂചന: സ.ഉ.(സാധാ) നമ്പർ.1726/2020/പൊ.വി.വ.,**
**തിരുവനന്തപുരം, തീയതി: 29.05.2020**

# ഉള്ളടക്കം

1. ആമുഖം
2. പശ്ചാത്തലം
3. പുതിയ വെല്ലുവിളികൾ പുതിയ വഴികൾ
    1. കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
    2. വിദ്യാഭ്യാസപരമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ
    3. പ്രതിസന്ധികൾ തുറന്നു തരുന്ന പുതിയ വാതായനങ്ങൾ
    4. നാട്ടിലെ നിലവിലുള്ള സാധ്യതകൾ
    5. സാധ്യതകളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം
    6. പുതുവഴികൾ ഏതെല്ലാം എങ്ങനെയെല്ലാം
4. ആരെല്ലാം എന്തെല്ലാം ചെയ്യണം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:
    1. കുട്ടികൾ
    2. അധ്യാപകർ
    3. സ്ക്കൂൾ മേധാവി
    4. രക്ഷിതാക്കൾ
    5. അധ്യാപക രക്ഷാകർതൃ സമിതി /എസ്എംസി
    6. ക്ലസ്റ്റർ കോർഡിനേറ്റർ
    7. പി.ഇ.സി / എം.ഇ.സി
    8. ഡയറ്റ്
    9. സമഗ്ര ശിക്ഷാ കേരളം
        I. സംസ്ഥാനതലം
        II. ജില്ലാതലം
        III. ബ്ലോക്കുതലം
    10. എസ് സി ഇ ആർ ടി
    11. എസ്.ഐ.ഇ.ടി
    12. കൈറ്റ് – സംസ്ഥാന തലം
    13. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
    14. പൊതുവിദ്യാഭ്യാസ ഡയറക്ടർ
        I. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
        II. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി അക്കാദമിക വിഭാഗം
        III. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (ക്യൂ.ഐ.പി. വിഭാഗം)
        IV. ജില്ലാതലം
        V. വിദ്യാഭ്യാസ ജില്ലാതലം
        VI. ഉപജില്ലാതലം
5. ഉപസംഹാരം

വിക്ടേഴ്സ് ചാനലിനു പുറമെ താഴെ പറയുന്ന ലിങ്കുകളിലും ക്ലാസുകൾ ലഭ്യമാകും.

**www.victers. kite.kerala.gov.in**

**facebook.com/victors educhannel**

**youtube.com/itsvicters**

## പ്രവേശിക

തികച്ചും സവിശേഷമായ ഒരു സാഹചര്യത്തിലൂടെയാണ് മാനവ സമൂഹം കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് 19 മനുഷ്യ ജിവിതത്തെയാകെ പിടിച്ചുലച്ചിരിക്കുകയാണ്. ഇന്നലെവരെ ചെയ്ത കാര്യങ്ങൾ അതേപടി ചെയ്യാൻ പറ്റാത്ത ഒരു പ്രത്യേക സാഹചര്യം സംജാതമായിരിക്കുന്നു. മനുഷ്യർതന്നെ രോഗവാഹകരായതു കൊണ്ട് കൂട്ടം കൂടാനോ യാത്രചെയ്യാനോ എന്തിനധികം പരസ്പരം സുഖദു:ഖങ്ങൾ പങ്കുവയ്ക്കുന്നതിനുപോലുമോ പരിമിതിയുണ്ട്. കൂട്ടംകൂടാനും, കളിക്കാനും, ഒത്തുചേർന്ന് ആശയ കൈമാറ്റം നടത്താനും ഏറെ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. അവരുടെ മാനസികവും, വൈകാരികവും, സാമൂഹികവുമായ വളർച്ചയേയും വികാസത്തെയും അതിനിർണ്ണായകമായി സ്വാധീനിക്കുന്ന-സ്വാധീനിക്കേണ്ട പൊതുഇടങ്ങളാണ് വിദ്യാലയങ്ങൾ. കേരളത്തിലെ മതനിരപേക്ഷ മനസ്സും മറ്റുള്ളവരെ സഹായിക്കാനുള്ള മനോഭാവവും അനുതാപവും തുടങ്ങി ദുരന്തഘട്ടങ്ങളിൽ നമ്മുടെ തനിമയെന്ന് നാം അഭിമാനിക്കുന്ന കൂട്ടായ്മ എന്ന മൂല്യബോധംവരെ വികസിച്ചുവന്നത് നമ്മുടെ വിദ്യാലയങ്ങളിലൂടെയാണ്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് വീട്ടിൽ ചടഞ്ഞിരിക്കേണ്ടിവന്നിരിക്കുന്നു. കൂട്ടിലാക്കിയതുപോലെ അവർക്ക് തോന്നുന്നുണ്ടാകും. ഇതുണ്ടാക്കുന്ന സമ്മർദ്ദവും പിരിമുറുക്കവും ആകാംക്ഷയും നാം മനസ്സിലാക്കണം. അവധിക്കാലം നഷ്ടപ്പെട്ടെങ്കിലും വളരെ പ്രതീക്ഷയോടെയാണ് അവർ പുതുഅക്കാദമിക വർഷത്തെ പ്രതീക്ഷിച്ചിരുന്നത്. പക്ഷെ സാധാരണ പോലെ ജൂൺ 1-ന് സ്കൂൾ തുറക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോവിഡ് 19 മാത്രമല്ല പ്രവചിക്കപ്പെട്ട അതിവർഷവും നമ്മുടെ മുന്നിലുള്ള വെല്ലുവിളിയാണ്. വിദ്യാലയാന്തരീക്ഷത്തിന് ബദലാവില്ലെങ്കിലും പന്ത്രണ്ടാം ക്ലാസുവരെയുള്ള നമ്മുടെ കുട്ടികളെ കർമ്മ നിരതരാക്കുവാൻ സാധിക്കണം. അവരുടെ മനോസംഘർഷങ്ങളിൽനിന്നും കോവിഡുയർത്തിയ ഭീതിയുടെ അന്തരീക്ഷത്തിൽ നിന്നും കുട്ടികളെ പഠന വഴിയിലേക്ക് കൊണ്ടു വരണം. അതിനുള്ള ശ്രമമാണ് വിദ്യാഭ്യാസവകുപ്പ് ഓൺലൈൻ പഠനാനുഭവങ്ങൾ ഒരുക്കുന്നതിലൂടെ ചെയ്യുന്നത്. നമ്മെ സംബന്ധിച്ച് ഒരു പുതിയ ശ്രമമാണ്. പ്രതിസന്ധികളാണ് എന്നും പുതുവഴികൾ തുറന്നു തരുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഡിജിറ്റൽ സൗകര്യമില്ലാത്ത കുറെയേറെ കുട്ടികൾ നമ്മുടെ നാട്ടിലുണ്ടെന്ന വസ്തുത കാണണം. ജീവിതംപോലും തള്ളിനീക്കാൻ പ്രയാസപ്പെടുന്ന അവരുടെ രക്ഷിതാക്കൾക്ക് ഇതൊരു അധിക ബാധ്യതയായി മാറാതെ നോക്കണം. വീടിനടുത്തുള്ള പൊതുഇടങ്ങൾ അവർക്കായി സജ്ജമാക്കണം. ഈ ഉത്തരവാദിത്തം കേരളീയ സമൂഹത്തോടു ചേർന്നു നിർവ്വഹിക്കാൻ നമുക്കാകണം.

ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് കേരള സർക്കാർ 29.05.2020-ലെ സ.ഉ.നം.1756/2020/പൊ.വി.വ. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉദ്യമം വിജയിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടകാര്യങ്ങൾ ആണ് ഈ മാർഗ്ഗരേഖയിലുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.സി.ഇ.ആർ.ടി, സമഗ്രശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, കൈറ്റ്, എസ്.ഐ.ഇ.ടി, തുടങ്ങിയ സംവിധാനങ്ങൾ ചേർന്നാണ് ഈ മാർഗ്ഗരേഖ വികസിപ്പിച്ചത്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ മാർഗ്ഗരേഖ ഇനിയും പൂർണ്ണതയിലേക്ക് എത്തിക്കേണ്ടതുണ്ട്. ഈ നവസംരംഭത്തിന് വഴികാട്ടിയായി ഈ മാർഗ്ഗരേഖയെ പ്രയോജനപ്പെടുത്തണം.

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

## 1. ആമുഖം

ജൂൺ 1–ന് സാധാരണപോലെ സ്കൂൾ തുറക്കാൻ കഴിയാത്ത ഒരു അവസ്ഥ കോവിഡ്–19 മൂലം സംജാതമായിട്ടുണ്ട്. അവധിക്കാലം മുഴുവൻ ലോക്ഡൗൺ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വീടുകളിൽ കഴിച്ചു കൂട്ടാൻ നമ്മുടെ കുട്ടികൾ നിർബന്ധിതരായി. സ്വതന്ത്രമായി കൂട്ടുചേരാനും കളിക്കാനും പല പുതുനൈപുണികളും സ്വായത്തമാക്കാനും ഉള്ള കാലമാണ് അവധിക്കാലം. അത് അവർക്ക് നഷ്ടമായി. ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും മോചിതമായി ഒരു പുതു അക്കാദമിക വർഷത്തെ ആഗ്രഹിച്ചിരുന്ന വിദ്യാർത്ഥികളുടെ പ്രതീക്ഷകളെ നമുക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്. ഇതിന് ഇപ്പോഴുള്ള പരിമിതിയിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഡിജിറ്റൽ സങ്കേതങ്ങൾ വഴി കുട്ടികളെ കർമ്മനിരതരാക്കുക എന്നതാണ്.

ഇതിനായി കേരള സർക്കാർ 29.5.2020ന് സ.ഉ.(സാധാ) നം.1756/2020/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ 11 ഒഴികെയുള്ള ക്ലാസ്സു കളിലെ കുട്ടികൾക്കാണ് അവസരമൊരുക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കൈറ്റ്, എസ്.ഐ.ഇ.ടി എന്നീ ഏജൻസികൾ വിവിധ ക്ലാസ്സുകളിലേയ്ക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേക്ഷണം നടത്തുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ അക്കാദമിക മേൽനോട്ടം എസ്.സി.ഇ.ആർ.ടി.യും സാങ്കേതിക മേൽനോട്ടം കൈറ്റും നിർവ്വഹിക്കുന്നതാണ്. **"ഫസ്റ്റ് ബെൽ"** എന്നാണ് ഈ പ്രവർത്തനത്തിന് നാമകരണം ചെയ്തിരിക്കുന്നത്.

ഓൺലൈൻ ക്ലാസ്സുകൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് നിലവിലുള്ള പരിമിതികൾ കണ്ടെത്തി പരിഹരിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ആദ്യ രണ്ടാഴ്ച ട്രയൽ അടിസ്ഥാനത്തിലാണ് ക്ലാസ്സുകൾ നൽകുന്നത്. പ്രതിസന്ധിഘട്ടത്തിൽ കുട്ടികളെ കർമ്മനിരതരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. ഇത് സാധാരണയായുള്ള സ്കൂൾ വിദ്യാഭ്യാസത്തിന് പകരമുള്ള സംവിധാനമല്ല. കുട്ടികളുടെ നിലവിലുള്ള ആവശ്യകതയെ അഭിമുഖീകരിക്കാനുള്ള ആസൂത്രി തമായ ശ്രമത്തിന്റെ ഭാഗമായാണ് സാധ്യതകളെല്ലാം വിനിയോഗിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോം സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വീടുകളിലോ അയൽപക്കത്തുള്ള പൊതുയിടങ്ങളിലോ വെച്ച് പഠന അവസരമൊരുക്കുന്നത്. നമ്മുടെ മുഴുവൻ കുട്ടികൾക്കും ഇതിനായുള്ള അവസരം ഒരുക്കുവാനുള്ള ബാധ്യത കേരള സമൂഹത്തിനുണ്ട്. അതിനായുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കുന്നുമുണ്ട്. ഇതിനെല്ലാം സഹായകമാകും വിധം ഈ നവസംരംഭം എങ്ങനെ മുന്നോട്ടു കൊണ്ടു പോകണം എന്ന നിർദ്ദേശമാണ് ഈ മാർഗരേഖയിലൂടെ നൽകുന്നത്.

ഭാവി സമൂഹത്തിൽ ക്രിയാത്മകമായി എങ്ങനെ ഇടപെടണമെന്ന് മനസ്സിലാക്കാനും അത് ഉൾക്കൊള്ളാനും ഉള്ള അനുഭവങ്ങൾ ഒരുക്കുന്ന ഇടമാണ് വിദ്യാലയങ്ങൾ. അതുകൊണ്ടാണ് പഠനത്തിന്റെ ഭാഗമായി സംവാദവും, ചർച്ചയും, സംഘാന്വേഷണവും മറ്റും പ്രസക്തമാകുന്നത്. കോവിഡ്19–ന്റെ സാഹചര്യത്തിൽ മനുഷ്യർ തന്നെ രോഗവാഹകരാകുന്നു എന്നതിനാൽ പ്രതിരോധത്തിന്റെ ഭാഗമായി കൂട്ടായ പഠനത്തിനും അന്വേഷണത്തിനും പരിമിതിയുണ്ട്. ആരോഗ്യപൂർണമായ നാളേക്ക് വേണ്ടി ഉള്ള മുൻകരുതലിന്റെ ഭാഗമാകാൻ നമുക്കെല്ലാം ബാധ്യതയുണ്ട്. "*ബ്രേക്ക് ദ ചെയിൻ*" എന്ന വാക്യമാണ് ഇപ്പോൾ പ്രസക്തം. നാം പാലിക്കേണ്ടതും അതിനുള്ള നിർദ്ദേശങ്ങളാണ്. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് അതത് ഘട്ടങ്ങളിൽ വരുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

ഈയൊരു അന്തരാളഘട്ടത്തിൽ ഏറെ പിന്തുണ ആവശ്യമുള്ളത് കുട്ടികൾക്കാണ്. ഈ ഘട്ടത്തിൽ ആരോഗ്യവിദഗ്ധർ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചേ തീരൂ. അതുകൊണ്ട് തന്നെ സ്കൂളുകൾ എപ്പോൾ പുനരാരംഭിക്കുമെന്ന് കൃത്യമായി നിലവിൽ പറയാൻ സാധിക്കുകയില്ല. പല ഘടകങ്ങളും പരിഗണിച്ച് കേന്ദ്ര സംസ്ഥാനതലങ്ങളിൽ തീരുമാനിക്കേണ്ട കാര്യമാണത്. ആരംഭിച്ചാലും സ്വാഭാവികമായ അക്കാദമിക അന്തരീക്ഷം എപ്പോൾ ഉണ്ടായി വരുമെന്നും പ്രവചിക്കാനാവില്ല.

പ്രതിസന്ധികളിൽ പതറിപ്പോകുന്ന പ്രകൃതമല്ല നമ്മുടേത്. പ്രതിസന്ധികൾ പുതിയ മാർഗങ്ങൾ അനിവാര്യമാക്കും. ഇത്തരം മാർഗങ്ങൾ കൂടുതൽ ഫലപ്രദം ആക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ പ്രാരംഭ ഘട്ടത്തിൽ ഉണ്ടായേക്കാം. അനുഭവങ്ങൾ വിലയിരുത്തി തിരുത്തലുകൾ ആവശ്യമാണെങ്കിൽ അതത് ഘട്ടത്തിൽ അവ വരുത്തി മുന്നേറാൻ നമുക്ക് കഴിയണം. അത്തരം ഒരു അന്വേഷണമാണ് ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി നാം നടത്തുന്നത്. യഥാർത്ഥ പഠനവും വിദ്യാഭ്യാസവും സാധാരണ സ്കൂൾ അന്തരീക്ഷത്തിൽ മാത്രമേ നടക്കൂ. കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വികാസത്തിനും മാനസികമായ ധാരണകൾ ഉറപ്പാക്കുന്നതിനും സാധാരണ സ്കൂൾ അന്തരീക്ഷം അനിവാര്യമാണ്. വിവരങ്ങൾ വിനിമയം ചെയ്തതുകൊണ്ട് മാത്രം ഇതെല്ലാം നടക്കണമെന്നില്ല. പക്ഷേ നമ്മുടെ മുന്നിൽ ഇപ്പോൾ മറ്റൊരു മാർഗ്ഗമില്ല. അതുകൊണ്ട് കേരളത്തിന്റെ വിദ്യാസമ്പന്നസമൂഹം നമ്മുടെ കുട്ടികളുടെ നല്ലൊരു നാളേക്ക് വേണ്ടി അവരെ കർമ്മനിരതരാക്കാനും പ്രവർത്തനനിരതരാക്കാനും ഡിജിറ്റൽപ്ലാറ്റ്ഫോം വഴി ഒരുക്കുന്ന പ്രവർത്തനങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ പരമാവധി ശ്രമിക്കും എന്ന് കരുതാം.

**2. പശ്ചാത്തലം:**

അപ്രതീക്ഷിതവും താരതമ്യം ചെയ്യാൻ കഴിയാത്തതുമായ കോവിഡ് 19 ഒരു ആരോഗ്യപ്രശ്നമായാണ് തുടങ്ങിയത്. എന്നാൽ അതൊരു സാമൂഹിക പ്രശ്നമായും സാമ്പത്തിക പ്രശ്നമായും സർവ്വോപരി ജീവിത പ്രശ്നമായും ഇതിനകം വളർന്നുകഴിഞ്ഞു. സമൂഹ ജീവിതത്തെയും സമൂഹ ചലനങ്ങളെയും ഏതാണ്ട് നിശ്ചലമാക്കുവാൻ ഈ മഹാമാരിക്ക് കഴിഞ്ഞു.

ഇത് ഏറെ ബാധിച്ചിരിക്കുന്ന ഒരു വിഭാഗമാണ് കുട്ടികൾ. അവരുടെ സ്വാഭാവിക ജീവിത അന്തരീക്ഷമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ഇതുവരെ പാലിക്കാത്ത പല ശീലങ്ങളും പാലിക്കാൻ അവർ നിർബന്ധിക്കപ്പെടുകയാണ്. അടിസ്ഥാനപരമായി മനുഷ്യർ സാമൂഹിക ജീവിയാണ്. അവരുടെ സഹജ സ്വഭാവത്തിൽ വീട്ടിൽ ഒതുങ്ങികൂടുക എന്നൊന്നില്ല. മാനസികവും വൈകാരികവും സാമൂഹികവുമായ വികാസത്തിന് നിലവിലെ അന്തരീക്ഷം വിഘാതം സൃഷ്ടിക്കുന്നു. കുട്ടികൾക്ക് കൂട്ടിലെന്ന പോലെ ഒതുങ്ങിക്കഴിയാനാവില്ല.

കോവിഡ് 19 കാലം സാധാരണഗതിയിൽ പഠിക്കാനും പലതും അനുഭവവേദ്യമാകാനും ഉള്ള അവസരങ്ങളും, സാമൂഹിക വൈവിധ്യങ്ങളുടെ ഭാഗമാകാനും പുത്തൻ അനുഭവങ്ങൾ നേടാനും, സർഗ്ഗ കേളികളുടെ ഭാഗമാകാനും, പുതിയവ ആർജിക്കാനും ഒക്കെയുള്ള അവസരങ്ങളാണ് ഇല്ലാതാക്കിയത്. ഇതെല്ലാം കുട്ടികളിലുണ്ടാക്കുന്ന സമ്മർദ്ദം (Pressure), പിരിമുറുക്കം (Stress),ആകാംക്ഷ (Anxiety) നാം കരുതുന്നതിനേക്കാൾ വലുതാണ്.

കുട്ടികളുടെ മാനസികാവസ്ഥയെ ഏറെ സ്വാധീനിക്കുന്ന വിധം ശരിയായതും അല്ലാത്തതും സത്യങ്ങളും അർദ്ധസത്യങ്ങളും ഒക്കെ അടങ്ങിയതും ശരിയേതാണെന്ന് തിരിച്ചറിയാൻ പ്രയാസകരമായതുമായ വാർത്തകളുടെയും മറ്റു വിവരങ്ങളുടെയും വിനിമയം അച്ചടി ദൃശ്യ ശ്രാവ്യ സാമൂഹിക മാധ്യമങ്ങളിലൂടെയെല്ലാം കുട്ടിയുടെ മുന്നിലെത്തുന്നു. ഇതെല്ലാം പല വിധ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു.

ഭീതിയുടെതായ ഒരന്തരീക്ഷം വസ്തുതയാണ്. കോവിഡ് 19 രോഗികളുടെ എണ്ണത്തിൽ ആഗോളതലത്തിലും, ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും ഉണ്ടാകുന്ന വർദ്ധനവും മരണസംഖ്യ ഉയരുന്നതും ജാഗ്രത കൈക്കൊള്ളുന്നതിനപ്പുറം ഭീതിയുടെ ഒരന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട്. മാത്രവുമല്ല കോവിഡ് 19 ഉണ്ടാക്കിയ സാമ്പത്തിക ആഘാതം ഓരോ കുടുംബത്തെയും അസ്വസ്ഥമാക്കുന്നുണ്ട്. ഇതെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കുട്ടികളെയും സ്വാധീനിക്കും.

ഇതൊക്കെയാണെങ്കിലും കൃത്യമായ ആസൂത്രണത്തോടും നമുക്ക് ലഭ്യമായ ആരോഗ്യരംഗത്തെ വൈദഗ്ധ്യവും നമ്മുടെ ശക്തമായ പൊതുജനാരോഗ്യ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും ജനങ്ങളുടെ അവബോധവും പ്രയോജന പ്പെടുത്തിക്കൊണ്ട് കേരളം പ്രതിരോധത്തിന്റെതായ പുതിയൊരു അനുഭവ മാതൃക ലോകത്തിനു മുന്നിൽ വയ്ക്കുന്നതും ലോകം അത് അംഗീകരിക്കുകയും ചെയ്യുന്നത് സമൂഹത്തോടൊപ്പം നമ്മുടെ കുട്ടികളും കാണുന്നുണ്ട്. അത് അവരിൽ ആത്മവിശ്വാസം ഉളവാക്കുകയും ചെയ്തിട്ടുണ്ട്. വളരെ ഭംഗിയായി എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകൾ നടത്താൻ കഴിഞ്ഞതും പൊതുസമൂഹത്തിന്റെയും കുട്ടികളുടെയും ആത്മവിശ്വാസം ഉയർത്തിയിട്ടുണ്ട്.

### 3. പുതിയ വെല്ലുവിളികൾ പുതിയ വഴികൾ

കോവിഡ് 19 എല്ലാരംഗത്തും ഉയർത്തുന്ന പുത്തൻ വെല്ലുവിളികൾ സമാനതകളില്ലാ ത്തതാണ്. ഈ വെല്ലുവിളികൾ ഓരോ കുടുംബത്തെയും പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നുണ്ട്. ഇപ്പോൾ രോഗപ്രതിരോധത്തിന്റെ ഭാഗമായി രാജ്യമെമ്പാടും അടച്ചിടൽ (ലോക് ഡൗൺ) ഘട്ടത്തിലാണ്. ഇളവുകൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും പൂർണ്ണമായും പിൻവലിക്കപ്പെട്ടു കഴിഞ്ഞാലും കോവിഡ് 19 വൈറസിന് പ്രതിരോധ വാക്സിൻ കണ്ടെത്തും വരെ പലതരത്തിലും തലങ്ങളിലുമുള്ള നിയന്ത്രണങ്ങൾ അനിവാര്യമാകും. അതിജീവനത്തിന്റെ പ്രശ്നമാണ് പ്രധാനം. കൂടാതെ ഭക്ഷണം, താമസം, സുരക്ഷിതത്വം, ജീവസന്ധാരണം, യാത്ര തുടങ്ങിയവയെല്ലാം പുത്തൻ വെല്ലുവിളികളാണ്. അതോടൊപ്പം പ്രധാനമാണ് വ്യത്യസ്ത വിഭാഗങ്ങളുടെയും പ്രായക്കാരുടെയും സാമ്പത്തികം, സാമൂഹികം, വൈകാരികം തുടങ്ങിയ ആവശ്യകതയെ പരിഗണിക്കുക എന്നത്. ഇതിൽ തന്നെ ഏറ്റവും പ്രധാനമാണ് വിവിധ പ്രായത്തിലുള്ള സ്കൂൾ കുട്ടികളുടെ ബഹുമുഖ ബഹുതല ആവശ്യങ്ങളെ അഭിമുഖീകരിക്കുക എന്നത്.

കോവിഡ് 19 ലോകമെമ്പാടുമുള്ള മാനവരാശി നേരിടുന്ന പ്രശ്നമാണ്. എന്നാൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേരളത്തിലുണ്ടായ പെരുമഴയും പ്രളയവും കേരളീയ സാമൂഹിക ജീവിതത്തെ പല തരത്തിൽ ബാധിച്ചിരുന്നു. കൂട്ടത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തെയും ബാധിച്ചിരുന്നു. ഇതും കരുതൽ ആവശ്യപ്പെടുന്നു.

പ്രതിസന്ധി ഘട്ടങ്ങൾ ആണ് എല്ലാകാലത്തും മാനവരാശിയെ പുതുമാർഗങ്ങളിലേക്ക് നയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പുതിയ വെല്ലുവിളികൾ നമ്മളെ പുതിയ വഴികളുടെ അന്വേഷകർ ആക്കുന്നുണ്ട്. ഇങ്ങനെ അന്വേഷിക്കുമ്പോൾ വിദ്യാഭ്യാസപരമായി ഉയർന്നു വരുന്നതും അഭിമുഖീകരിക്കേണ്ടതുമായ പ്രധാന സമസ്യകളും സാധ്യതകളും താഴെപ്പറയുന്നവയാണ്.

1) കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
2) വിദ്യാഭ്യാസപരമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ
3) പ്രതിസന്ധികൾ തുറന്നു തരുന്ന പുതിയ വാതായനങ്ങൾ
4) നാട്ടിലെ നിലവിലുള്ള സാധ്യതകൾ
5) സാധ്യതകളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം
6) പുതുവഴികൾ ഏതെല്ലാം, എങ്ങനെയെല്ലാം

### 1) കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പുതുമ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. വീടിനകത്ത് ഒതുങ്ങി നിൽക്കേണ്ടി വന്നതിനാൽ പുതുമയാർന്ന അനുഭവങ്ങളോ, കളികളിലൂടെ ലഭിക്കുന്ന ആനന്ദമോ കുട്ടികൾക്ക് ലഭിക്കുന്നില്ല. വ്യത്യസ്ത അനുഭവങ്ങൾ ലഭിക്കേണ്ടത് കുട്ടിയുടെ സാമൂഹിക വൈകാരിക വളർച്ചയുടെ ആവശ്യമാണ്. സ്കൂൾ വിദ്യാഭ്യാസം എന്നത് ഒരു വലിയ സാമൂഹികരണ പ്രക്രിയയാണ്. ആ പ്രക്രിയയിലൂടെ ആർജ്ജിക്കുന്ന അനവധി ശേഷികളും അനുഭവങ്ങളും അറിവുകളും മൂല്യബോധവും ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള ഏകധാര പഠനത്തിലൂടെ ലഭിക്കുകയില്ല എന്ന പരിമിതി നിലനിൽക്കുന്നുണ്ട്. മാത്രവുമല്ല, പ്രായത്തിനനുസരിച്ച് സ്വാഭാവികമായുണ്ടാകുന്ന മാനസിക വൈകാരിക പ്രതിസന്ധികളെ സമപ്രായക്കാരുമായി ചർച്ചചെയ്താണ് കുട്ടികൾ പരിഹരിക്കുന്നത്. പഠനപ്രവർത്തനങ്ങളിൽ ആശയ ഗ്രഹണവും അതിനായി ആശയവ്യക്തതക്കുള്ള അന്വേഷണവും വിനിമയവും കുട്ടികൾ തമ്മിലാണ് മുഖ്യമായും നടക്കുന്നത്. കുട്ടികളെ ക്ലാസിലേക്ക് മാനസികമായി സജ്ജമാക്കുന്നതും മാനസികമായ സാന്നിധ്യവും തുടർച്ചയും ഉറപ്പാക്കുന്നതും ടീച്ചറാണ്. ടീച്ചറുടെ അവതരണവും വിവരണവും ശരീരചലനങ്ങളും മറ്റുള്ളവരുടെ മുന്നിൽ മോശക്കാരായി കൂടാ എന്ന വിചാരവും അംഗീകാരത്തിനുള്ള അഭിവാഞ്ഛയും എല്ലാം ചേർന്ന് വിവരണങ്ങളിൽ ഒതുങ്ങാത്ത ക്ലാസ് റൂം അന്തരീക്ഷം ലഭ്യമാക്കുന്ന സാഹചര്യം നിലവിലില്ല എന്നതും പ്രശ്നമാണ്. കുട്ടികളുടെ സ്വാഭാവികതയാണ് കൂട്ടംകൂടുക, സംഘം ചേർന്ന് കളിക്കുക, കൂട്ടുകാരോട് സല്ലപിക്കുക, കുസൃതി കാട്ടുക എന്നിവയെല്ലാം. കൂടാതെ ക്യാമ്പസ്സിൽ ഓടി കളിച്ചു അധികമുള്ള ഊർജ്ജം ചെലവഴിക്കാനും കുട്ടികൾക്കു കഴിയും. ചെറിയ ക്ലാസിൽ ആണെങ്കിൽ ടീച്ചറുടെ പരിഗണനയും സ്നേഹവും അംഗീകാരവും ഒക്കെയാണ് കുട്ടിയെ മുന്നോട്ടു നയിക്കുന്ന ഘടകങ്ങൾ. അതെല്ലാം ആണ് മാനസിക വളർച്ചയോടൊപ്പം കുട്ടിയുടെ വൈകാരികവും സാമൂഹികവുമായ മുന്നേറ്റത്തിന് സഹായകമാകുന്നത്. കൂടാതെ സ്കൂൾ അന്തരീക്ഷം എല്ലാദിവസവും നൽകുന്ന വൈവിധ്യവും വൈജാത്യവും ഒന്നുമില്ലാതെ തികച്ചും ഏകമാനമായ ഒരു അന്തരീക്ഷത്തിലാണ് തങ്ങൾക്ക് പരിചിതമില്ലാത്ത ഒരു വ്യക്തി കുറെ പഠനാനുഭവങ്ങൾ ദൃശ്യ മാധ്യമത്തിലൂടെ ഏകമുഖമായി മുന്നോട്ടുവയ്ക്കുന്നത്. ഇതിനെ കുട്ടി തിരസ്കരിക്കാതിരിക്കണമെങ്കിൽ നിലവിലുള്ള പരിമിതിക്കുള്ളിൽ സാധ്യമായ പഠന പിന്തുണ കുട്ടിക്കുകൂടി അംഗീകരിക്കാവുന്ന നിലയിൽ അവരവരുടെ ടീച്ചർമാർ തന്നെ നൽകണം. ഓരോ പ്രായഘട്ടത്തിലും ഇതിനുള്ള തന്ത്രങ്ങൾ വ്യത്യസ്തമായിരിക്കും. കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും ഒന്നുചേർന്ന് പരിഹരിക്കാനും അവരെ പഠന വഴിയിലേക്ക് കൊണ്ടുവരാനും ഇന്നത്തെ സാഹചര്യത്തിൽ ശ്രമിക്കുക എന്നതാണ് പ്രധാനം.

### 2) വിദ്യാഭ്യാസപരമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ

വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം കുട്ടിയെ ഭാവി സമൂഹത്തിൽ ആത്മവിശ്വാസത്തോടെ അതിജീവിക്കാൻ സജ്ജമാക്കുക എന്നതാണ്. ഓരോ കുട്ടിയും പലതരം കഴിവുള്ളവരായിരിക്കും. ഇങ്ങനെ കുട്ടിയുടെ ശക്തി പരിമിതികളെ കണ്ടെത്തി ശക്തിയെ കൂടുതൽ ശക്തിപ്പെടുത്താനും പരിമിതിയെ മറികടക്കാനും സഹായിക്കുന്നത് സ്കൂളെന്ന ജൈവീകമായ പരിസരമാണ്. അധ്യാപകർ, സഹപാഠികൾ, സ്കൂളിൽ വരുന്ന രക്ഷിതാക്കൾ, ക്ലാസ് മുറി, ക്യാമ്പസ്, കുട്ടി ഇടപെടുന്ന ഇടങ്ങൾ, സമൂഹം, കുട്ടി വീക്ഷിക്കുന്ന സമൂഹ വ്യവഹാരങ്ങൾ എന്നിവയെല്ലാം ഇതിൽ അതിനിർണായകമായ പങ്കു വഹിക്കുന്നുണ്ട്. ഓരോ പ്രായത്തിലും

ഇവ വർത്തിക്കുന്നത് വ്യത്യസ്ത രീതികളിൽ ആണെന്നു മാത്രം. കുട്ടിയുടെ മാനസിക വൈകാരിക സാമൂഹിക വളർച്ചയിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഈ ഘടകങ്ങളിൽ നിന്നെല്ലാം ദൂരെയാണ് കുട്ടികൾ. അതിന്റേതായ പരിമിതി ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ നൽകുന്ന പഠനാനുഭവങ്ങൾക്ക് ഉണ്ടാകും.

കുട്ടിയെ പ്രേരിപ്പിക്കാനും ഉത്തേജിപ്പിക്കാനും അനിവാര്യമായ പഠന പിന്തുണ നൽകാനും വെല്ലുവിളിയുടെതായ ഈ കാലത്ത് നാം പുത്തൻ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിവരും. സ്കൂൾ ഘട്ടത്തിൽ പോലും സാമൂഹിക പ്രശ്നങ്ങളെയെല്ലാം സാങ്കേതിക പ്രശ്നങ്ങൾ ആയി കാണുകയും അവയെ വ്യക്തിഗത പ്രശ്നങ്ങളും പ്രവർത്തന ങ്ങളുമായി പരിമിതപ്പെടുത്തുകയും ചെയ്ത വികസിത രാജ്യങ്ങളാണ് കോവിഡ് 19 ന്റെ ആക്രമണത്തിൽ പതറുകയും തളരുകയും ചെയ്തത് എന്നത് കാണാതെ പോകരുത്. അതോടൊപ്പം പ്രളയ കാലത്തും കോവിഡ് കാലത്തും കൂട്ടായ ശ്രമങ്ങളിലൂടെ പ്രതിസന്ധികളെ തരണം ചെയ്ത കേരളീയ അനുഭവങ്ങളും വിലയിരുത്തേണ്ടതുണ്ട്. സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും അനുതാപത്തിന്റെ മനോഭാവം വികസിച്ചത് കേരളീയ പൊതുവിദ്യാഭ്യാസ ക്രമത്തിലൂടെയാണ്. ഇത്തരം മനോഭാവങ്ങൾ വികസിപ്പിക്കാൻ ഉതകുന്ന ഒരു അന്തരീക്ഷം ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ഉള്ള വിവര കൈമാറ്റത്തിലൂടെ ലഭിക്കുന്നതിന് പരിമിതിയുണ്ട്. ഇവിടെയാണ് ലഭ്യമായ വിവരങ്ങളെ വിശകലനം ചെയ്യുന്നതിനും വിവിധകോണുകളിലൂടെ സമീപിക്കുന്നതിനും ടീച്ചറുടെ പിന്തുണ പ്രധാനമാകുന്നത്. നവമാധ്യമ ശൃംഖല പ്രയോജനപ്പെടുത്തി ടീച്ചർക്ക് ഇക്കാര്യത്തിൽ കുട്ടിയെ സഹായിക്കാൻ കഴിയും.

ഭിന്നശേഷിക്കാരായ കുട്ടികളുടെ സവിശേഷ ആവശ്യകതകൾ പൂർണ്ണാർത്ഥത്തിൽ നിറവേറ്റാൻ പരിമിതിയുണ്ട്. എന്നിരുന്നാലും ഇവരുടെ ആവശ്യങ്ങളോട് നീതിപുലർത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തണം. റിസോഴ്സ് അധ്യാപകരുടെ സാധ്യത ഇതിനായി പ്രയോജനപ്പെടുത്തണം.

തീരദേശം, തോട്ടംമേഖല, ആദിവാസിമേഖല എന്നിവിടങ്ങളിലെ കുട്ടികൾക്ക് സൗകര്യമൊരുക്കുന്നതിനും പഠനപിന്തുണ നൽകുന്നതിനും പ്രത്യേകം ശ്രദ്ധവേണം.

വിക്ടേഴ്സ് ചാനൽ വഴി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായ എല്ലാ വിഷയങ്ങളും സംപ്രക്ഷണം ചെയ്യുന്നതിൽ സമയപരമായ പരിമിതിയുണ്ട്. എന്നിരുന്നാലും എല്ലാവിഭാഗം കുട്ടികളുടെയും പഠനാവശ്യങ്ങൾ പരിഗണിക്കാൻ കഴിയണം. വികേന്ദ്രീകൃതമായ നമ്മുടെ സാധ്യതകൾ ഇതിനായി വിനിയോഗിക്കാം. തമിഴ്, കന്നഡ മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾ, അറബി, ഉറുദു, സംസ്കൃതം, ഹയർസെക്കണ്ടറിയിലെ അപൂർവ്വ (റെയർ) വിഷയങ്ങൾ, വൊക്കേഷണൽ വിഷയങ്ങൾ, കല, കായികം, പ്രവൃത്തിപരിചയം, ആർട്ട്/ടെക്നിക്കൽ സ്കൂളുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ എന്നിവയെല്ലാം സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അധ്യാപകരുടെ സഹായത്തോടെ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് വികേന്ദ്രീകൃതമായി നടപ്പാക്കാൻ കഴിയണം.

### 3) പ്രതിസന്ധികൾ തുറന്നു തരുന്ന പുതിയ വാതായനങ്ങൾ

കുട്ടികളെ കർമ്മനിരതരാക്കുക (Engage) എന്നതും പ്രധാനമാണ്. വീട്ടിൽ അടക്കപ്പെട്ട അവരുടെ വിരസതയെ, മാനസിക സമ്മർദ്ദങ്ങളെ, പിരിമുറുക്കങ്ങളെ എല്ലാം മാറ്റിയെടു ക്കേണ്ടത് അനിവാര്യമാണ്. ഒറ്റക്കല്ല എല്ലാവരും കൂടെയുണ്ട് എന്ന ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാകണം. അങ്ങനെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ എല്ലാ കുട്ടികളെയും കണ്ണി ചേർക്കുന്നതിന് സഹായകമായ പദ്ധതിയായി ഡിജിറ്റൽ പ്ലാറ്റ് ഫോമിലൂടെയുള്ള പഠനാനുഭവങ്ങൾ നൽകുന്നതിനെ നാം കാണണം. ആത്യന്തികമായി ഇതിന്റെ വിജയം കുടികൊള്ളുന്നത് ക്ലാസ് ടീച്ചർ /വിഷയ ടീച്ചർ ഇതിന്റെ തുടർച്ചയായി

കുട്ടിക്ക് അകലങ്ങളിൽ ഇരുന്നു നൽകുന്ന സാമീപ്യമാണ്. നവ മാധ്യമങ്ങളെ ഇതിനായി പ്രയോജനപ്പെടുത്താം.

അധ്യാപകരെ കോർത്തിണക്കാൻ സിആർസി കോഡിനേറ്റർമാർക്ക് കഴിയണം. ബി.ആർ.സി കളും അവരുടെ സാധ്യത പ്രയോജനപ്പെടുത്തി അധ്യാപകർക്ക് പിന്തുണ നൽകണം. ഓരോ വിഷയത്തിലേയും വിദഗ്ധരെ കോർത്തിണക്കുന്നതിനും പദ്ധതി ഉണ്ടാകണം. സൂക്ഷ്മതല അക്കാദമിക ആസൂത്രണത്തിന്റെ കേന്ദ്രമായി ഡയറ്റുകൾക്ക് ഉയരാൻ കഴിയണം.

ഏതൊരു പ്രതിസന്ധിയും പുതിയ വഴികൾ തുറന്നു തരും. അതുകൊണ്ട് പ്രതിസന്ധികളിൽ പതറി പോകാതെ അവയെ ആത്മവിശ്വാസത്തോടെ മറികടക്കാനുള്ള പുതുവഴികൾ നമുക്ക് കണ്ടെത്താൻ കഴിയണം. അങ്ങനെ കണ്ടെത്തിയ ചരിത്രമാണ് കേരളീയസമൂഹ വികാസത്തിന്റേത്. ഏതൊരു വികസിത ദേശത്തെപ്പോലെയും നമ്മുടെ കുട്ടികൾക്ക് ഡിജിറ്റൽ സങ്കേതങ്ങൾ പരിചിതമാണ്. സെക്കണ്ടറി തലത്തിൽ അത് അവരുടെ പഠനത്തിന്റെ ഭാഗവുമാണ്. പ്രൈമറി ക്ലാസുകളിലും ഇതവർ കണ്ടറിയുകയും തൊട്ടറിയുകയും ചെയ്തിട്ടുണ്ട്. ബഹുഭൂരിപക്ഷം കുട്ടികളും വീടുകളിൽ രക്ഷാകർത്താക്കളുടെ മൊബൈൽ ഫോണുകൾ അവരുടെതായ രീതിയിൽ കൈകാര്യം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ പൊതു അവസ്ഥയിൽ നിന്നും ഭിന്നമായ ഒരു സ്ഥിതിയാണിത്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ സൗകര്യങ്ങൾ വീട്ടിലില്ലാത്ത കുട്ടികളും നമ്മുടെ ഇടയിൽ ഉണ്ട് എന്നത് വസ്തുതയാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് കുറവാണെന്നു മാത്രം. ഈ പ്രശ്നത്തെ സാമൂഹികമായി അഭിമുഖീകരിക്കാൻ നമുക്ക് കഴിയും. പ്രതികൂല പരിതസ്ഥിതിയിലും പുതുവഴികൾ തേടാനുള്ള അനുകൂല ഘടകങ്ങളാണ് ഇവയെല്ലാം.

പഠനാനുഭവങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി നൽകുമ്പോൾ ഉയർന്നുവരുന്ന മറ്റു ചില പ്രതിസന്ധികൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനം അധ്യാപനം എന്നത് ഒരു സാമൂഹിക പ്രക്രിയയാണ് എന്നതാണ്. വിവരവിനിമയം മാത്രമല്ല അവിടെ നടക്കുന്നത്. കുട്ടി, ടീച്ചർ, കൂട്ടുകാർ, സ്കൂൾ അന്തരീക്ഷം എന്നിവ നൽകുന്ന അനുഭവം ഡിജിറ്റൽ രീതിയിൽ അസാധ്യമാണ്. അതുപോലെ പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനം ഉറപ്പാക്കുക എന്നതും വിഷമകരമാണ്. സഹവർത്തിത പഠനവും അസാധ്യമാകും. തൽസമയ വിലയിരുത്തലും സാധ്യമാകില്ല. മാത്രവുമല്ല കുട്ടിയെ സഹായിക്കുന്ന മുതിർന്നവരുടെ വിദ്യാഭ്യാസ ധാരണകൾ കുട്ടിയിലേക്ക് അടിച്ചേൽപ്പിക്കപ്പെടാനും ഇടയുണ്ട്. പഴയ രീതിയിൽ ആണ് അവർ പഠിച്ചത്. ആധുനിക വിദ്യാഭ്യാസ രീതി ആവശ്യപ്പെടുന്ന വിധത്തിൽ കുട്ടിക്ക് സഹായം നൽകുക എന്നത് വിഷമകരം ആകും. കുട്ടികളോട് നേരിട്ട് ടീച്ചർ സംവദിച്ചും വർക്ക്ഷീറ്റ് കൃത്യമായി ചെയ്യിച്ചും ഈ അന്തരാളഘട്ടത്തെ തരണം ചെയ്യേണ്ടി വന്നേക്കാം.

ഇങ്ങനെയൊക്കെയാണെങ്കിലും ഡിജിറ്റൽ സങ്കേതം വഴി വൈവിധ്യമാർന്ന ദൃശ്യാനുഭവങ്ങൾ ഒരുക്കാൻ കഴിയും.കുട്ടിയെ ആകർഷിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഒരു സാധ്യതയാണ്. ഉള്ളടക്കത്തിലെ പല അംശങ്ങളും ഉദ്ഗ്രഥിതമായി അവതരിപ്പിക്കാൻ കഴിയും. ഡിജിറ്റൽ ആഭിമുഖ്യം ഉള്ളതിനാൽ കുട്ടികൾക്ക് അവതരണങ്ങൾ ഇഷ്ടപ്പെടാൻ സാധ്യതയുണ്ട്. നമ്മുടെ കുട്ടികൾക്ക് സ്കൂളിലെ കമ്പ്യൂട്ടർ അധിഷ്ഠിത പഠന അനുഭവമുണ്ട്. ഒട്ടേറെ ഡിജിറ്റൽ ടൂളുകൾ, പ്ലാറ്റ്ഫോമുകൾ എന്നിവ ടീച്ചർക്കും പരിചിതമാണ്. ഇതെല്ലാം നമ്മുടെ മുന്നിലുള്ള സാധ്യതകളാണ്.വിക്ടേഴ്സ് ചാനലിന്റെ സാന്നിധ്യം ഇതിനകം തന്നെ കുട്ടികൾക്ക് അനുഭവവേദ്യമായിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടന്ന പഠനം 2.6 ലക്ഷം വീടുകളിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഇല്ലായെന്ന് കണ്ടെത്തി യിട്ടുണ്ട്. അതുപോലെ ആദിവാസി മേഖലകളിലും തീരദേശങ്ങളിലും കുട്ടികൾക്ക് ഗാർഹികമായ സഹായം ലഭ്യമാക്കുക ഒരുപ്രശ്നമായേക്കാം.

ഇതെല്ലാം കണ്ടു കൊണ്ടാകണം പുതുവഴികൾ തേടേണ്ടത്. കേരളത്തിന്റേതായ ഒരു ബദൽ മാതൃക വികസിപ്പിക്കാൻ ഉള്ള സാധ്യത നമ്മുടെ മുന്നിലുണ്ട്. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ സാധ്യതകളുടെ സംയോജനമാണ് ഇപ്പോൾ പ്രധാനം. ഫലപ്രദമായ സാമൂഹിക പിന്തുണ ഉറപ്പാക്കാൻ നമുക്ക് കഴിയണം.

പ്രവർത്തനാധിഷ്ഠിതവും പ്രയോഗാധിഷ്ഠിതവുമായ പഠന അനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നത് (പൂർണ്ണ അർത്ഥത്തിലല്ലെങ്കിലും) സാധ്യമാണ്. വിവിധ സങ്കേതങ്ങളുടെ സാധ്യതയും നാം പ്രയോജനപ്പെടുത്തണം

ക്ലാസ്സ് /വിഷയ ടീച്ചർ അടുത്തു തന്നെയുണ്ട്-ശാരീരികമായല്ലെങ്കിലും. അവരുടെ നേതൃത്വത്തിൽ പലതും മറികടക്കാൻ കഴിയും. അവരുടെ പിന്തുണ വലിയൊരു സാധ്യതയാണ്. പുതുവഴി തേടുമ്പോൾ തടസ്സപ്പെടുന്ന ഒരു അക്കാദമിക് അന്തരീക്ഷത്തെ കൂടി നമുക്ക് കാണേണ്ടി വരും. അങ്ങനെ വന്നാൽ സ്കൂൾ, വീട് തുടങ്ങിയ പഠന ഇടങ്ങളുടെ ശരിയായതും ഫലപ്രദമായതുമായ സംയോജനം നമ്മുടെ മുന്നിലുള്ള വലിയൊരു സാധ്യതയാണ്. വിദ്യാസമ്പന്നമായ കേരളീയ സമൂഹം നമുക്കുണ്ട് .

എസ്.സി.ഇ.ആർ.ടി, സമഗ്ര ശിക്ഷാ കേരള, കൈറ്റ്, എസ്.ഐ.ഇ.ടി എന്നിവയുടെ സംസ്ഥാനതല പ്രവർത്തനങ്ങളെ സഹായിക്കും വിധം പാഠഭാഗങ്ങൾ തയ്യാറാക്കുന്നതിന് ഡയറ്റുകളുടെ സേവനം വലിയതോതിൽ പ്രയോജനപ്പെടുത്തണം. ക്ലാസ് റൂം അനുഭവമുള്ള, അതിൽ ആഴത്തിലുള്ള അറിവുള്ള നിരവധി അധ്യാപകർ കേരളത്തിലെമ്പാടും ഉണ്ട്. അവരെ ഏകോപിപ്പിക്കാനും ബ്ലോക്ക് റിസോഴ്സ് സെൻറർ വഴി കഴിയണം. ജില്ലയിലെ എസ്. എസ്. കെ. യുടെ നേതൃത്വത്തിന് ഏകോപനത്തിന് മുൻനിരയിൽ നിൽക്കാൻ കഴിയണം. പ്രാദേശിക സാധ്യതകളെ എല്ലാം പ്രയോജനപ്പെടുത്താൻ കഴിയണം.

### 4) നാട്ടിലെ നിലവിലുള്ള സാധ്യതകൾ

കുട്ടികളുടെ വിദ്യാഭ്യാസം കേരളീയ സമൂഹത്തിന്റെ പ്രധാനപ്പെട്ട പരിഗണനാ വിഷയമാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ വിദ്യാഭ്യാസ അവസരം പ്രദാനം ചെയ്യാനും മെച്ചപ്പെടുത്തുവാനുള്ള ഏതൊരു പരിശ്രമത്തിനും പൊതുസമൂഹത്തിന്റെ പിന്തുണ ഉണ്ടാകും. ശക്തമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നമ്മുടേത്. ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. കേരളത്തിന്റെ ഏറ്റവും വലിയ സവിശേഷത അപൂർവങ്ങളായ ചിലയിടങ്ങളിൽ ഒഴികെ എല്ലായിടത്തും പൊതു ഇടങ്ങൾ ഉണ്ട് എന്നതാണ്. കുട്ടിയുടെ ആവാസത്തിലോ അതിനടുത്തോ വായനശാലകൾ, സ്കൂളുകൾ തുടങ്ങിയ ഇടങ്ങളും ശക്തമായ കുടുംബശ്രീ ശൃംഖലയും നമ്മുടെ സംസ്ഥാനത്തെ സവിശേഷതയാണ്. എം.പിമാർ, എം.എൽ.എമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർ സ്കൂൾ കാര്യത്തിൽ സജീവമായി ശ്രദ്ധിക്കുന്നുണ്ട്. എല്ലാ പ്രദേശങ്ങളിലും അധ്യാപക പരിശീലനം കഴിഞ്ഞവരുണ്ട്. അതുപോലെ അധ്യാപക വിദ്യാർത്ഥികളും ഉണ്ട്. റിട്ടയർ ചെയ്ത അധ്യാപകരും അല്ലാത്തവരും ഉണ്ട്. കൂടാതെ വിദ്യാസമ്പന്നരായ വലിയൊരു ജനസമൂഹം നമ്മുടെ വലിയ സമ്പത്താണ്. ഇത്തരത്തിലുള്ള മനുഷ്യശേഷിയോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസത്തിൽ എല്ലാതരത്തിലും സഹായിക്കാൻ തയ്യാറുള്ള സഹൃദയരുമുണ്ട്. ഈ വിഭാഗങ്ങളെയെല്ലാം കോർത്തിണക്കുക എന്നതാണ് പ്രധാനം.

### 5) സാധ്യതകളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം

എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കാൻ കഴിയണം. സാമൂഹികമായും സാമ്പത്തികമായും മറ്റുതരത്തിൽ ഉണ്ടാകുന്ന പരിമിതിമൂലം കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത സ്ഥിതി ഉണ്ടാകരുത്. ക്ലാസുകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

കൃത്യമായ ധാരണ ഉണ്ടാക്കാൻ കഴിയുക അധ്യാപകർക്കാണ്. അധ്യാപക രക്ഷാകർതൃ സമിതിക്കും തദ്ദേശസ്വയംഭരണ തലത്തിലുള്ള വിദ്യാഭ്യാസ സമിതിക്കും ഇതിൽ നിർണായക പങ്കുവഹിക്കാൻ കഴിയും. വീട്ടിൽ സൗകര്യമില്ലാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് തൊട്ടടുത്ത പൊതുഇടത്തിൽ സൗകര്യമൊരുക്കണം. പ്രാദേശിക സമൂഹത്തിനുമാത്രമേ എവിടെ സൗകര്യമൊരുക്കാനാകുമെന്ന് തീരുമാനിക്കാൻ കഴിയൂ. വായനശാലകൾ, അങ്കണവാടികൾ, അക്ഷയകേന്ദ്രങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് രൂപം കൊടുത്തിട്ടുള്ള പഠനമുറികൾ ഇവയെല്ലാം ബന്ധപ്പെട്ടവരുടെ അനുമതിയോടെ ഉപയോഗപ്പെടുത്താവുന്നതാണ്. കുടുംബശ്രീ നേതൃത്വത്തിൽ കണ്ടെത്തുന്ന പഠന കേന്ദ്രങ്ങൾ, സമഗ്രശിക്ഷയുടെ നേതൃത്വത്തിലുള്ള ബി.ആർ.സികൾ, സി.ആർ.സികൾ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, സ്ക്കൂളുകൾ എന്നിവയും പ്രയോജനപ്പെടുത്താം. ഒരു കേന്ദ്രത്തിൽ ഒരു സമയം 10 കുട്ടികളിൽ അധികരിക്കാതെ നോക്കുന്നതാണ് ഉചിതം. കോവിഡ് നിബന്ധനകൾ പൂർണമായും പാലിക്കണം. കുട്ടികൾ ക്ലാസ് വീക്ഷിക്കുമ്പോൾ മുതിർന്ന ഒരാൾ ഉണ്ടാകണം. പൊതുയിടങ്ങളിൽ ക്ലാസ്സ് കാണാനുള്ള ടെലിവിഷൻ/കമ്പ്യൂട്ടർ എന്നിവ ലഭ്യമല്ലെങ്കിൽ അക്കാര്യം സ്കൂൾ മേധാവിയെ അറിയിക്കണം. കേരളത്തിലെ സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായി വിതരണം ചെയ്ത കമ്പ്യൂട്ടർ/ ടിവി തുടങ്ങിയ ഉപകരണങ്ങൾ ഇത്തരം കേന്ദ്രങ്ങളിലേക്ക് വിന്യസിക്കാൻ വേണ്ട നടപടികൾ സ്കൂൾ മേധാവികൾ ചെയ്യും. മാത്രവുമല്ല ഈ കേന്ദ്രങ്ങളിലേക്ക് ടി.വി/കമ്പ്യൂട്ടർ തുടങ്ങിയവ നൽകാൻ തയ്യാറുള്ള സുമനസ്സുകളുടെ സന്നദ്ധതയും പരമാവധി പ്രയോജനപ്പെടുത്തണം. ഇതൊക്കെ ചെയ്തു കഴിഞ്ഞാലും ഈ ശൃംഖലയിലേക്ക് എത്തിച്ചേരാൻ വിട്ടുപോകുന്ന ഒറ്റപ്പെട്ട ഇടങ്ങളിൽ കുട്ടികളുണ്ടെങ്കിൽ അവർക്കും അവരുടെ ആവാസയിടത്തിൽ സൗകര്യം ഏർപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

### 6) പുതുവഴികൾ ഏതെല്ലാം എങ്ങനെയെല്ലാം

ഓൺലൈൻ ക്ലാസുകൾ മുഖ്യമായും കൈറ്റ് വിക്ടേഴ്സ് വഴിയാണ് നൽകുന്നത്. പ്രക്ഷേപണ സമയത്ത് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായി പ്രക്ഷേപണം കിട്ടാത്ത അവസ്ഥ ഉണ്ടാകുകയാണെങ്കിൽ facebook വഴിയും യൂട്യൂബ് വഴിയും ക്ലാസുകൾ ലഭ്യമാണ്. ഈ ക്ലാസ് കഴിഞ്ഞാൽ ഇതിന്റെ തുടർച്ചയായ പ്രവർത്തനം ആണ് പ്രധാനം. അധ്യാപകർ ഫോൺ വിളിച്ചും നവമാധ്യമം വഴിയും കുട്ടിയെ തുടർപ്രവർത്തനങ്ങളിലേക്ക് നയിക്കും. കുട്ടികളുടെ സൃഷ്ടികൾ/ ഉല്പന്നങ്ങൾ എന്നിവ സ്വീകരിക്കും. പ്രൈമറി കുട്ടികൾക്കായി സമഗ്ര ശിക്ഷാ, കേരളം തയ്യാറാക്കുന്ന വർക്ക്ഷീറ്റുകൾ കുട്ടികൾക്ക് ലഭ്യമാക്കുകയും അവരുടെ പഠനപ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുകയും ചെയ്യും. ഇങ്ങനെ കേന്ദ്രീകരിച്ചുള്ള സംപ്രേഷണം വഴിയും വികേന്ദ്രീകരിച്ചുള്ള പഠന പിന്തുണ ഉറപ്പാക്കിയും കുട്ടികളെ കർമ്മനിരതരാക്കുന്നതിനുള്ള ഒരു ബദൽ മാതൃക വളർത്തിയെടുക്കാനുള്ള വഴിയാണ് നാം തേടുന്നത്. ഇങ്ങനെ തേടുമ്പോൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുക എന്നതാണ് പ്രധാനം. നവമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ സൈബർ നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കണം.

## 4. ആരെല്ലാം എന്തെല്ലാം ചെയ്യണം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

### 1) കുട്ടികൾ:

i. എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യ സ്ഥാനത്തുള്ള കുട്ടികളെ ക്ലാസുകളിൽ സജീവ പങ്കാളികളാക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ദൗത്യം.അവധിക്കാലത്ത് ഉടനീളം നവ മാധ്യമ കൂട്ടായ്മ സ്വയം പ്രേരിതമായി സംഘടിപ്പിച്ച അധ്യാപകരുണ്ട്. ഇതിന്റെ ഭാഗമായിരുന്നവരാണ് ഒരു വിഭാഗം കുട്ടികൾ. എന്നാൽ ഇത്തരത്തിൽ ഒരു പ്രവർത്ത

നത്തിലും പങ്കാളികളാവാത്ത കുട്ടികളുമുണ്ട്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പഠനം ആരംഭിക്കാൻ മാനസികമായി എല്ലാ കുട്ടികളെയും സജ്ജരാക്കേണ്ടതുണ്ട്. ക്ലാസുകൾ മറ്റ് അലോസരങ്ങൾ ഇല്ലാതെ പൂർണമായും ശ്രദ്ധയോടെ വീക്ഷിക്കാൻ മാനസികമായ ഒരു തയ്യാറെടുപ്പ് ആവശ്യമാണ്.

ii. ലഭ്യമാണെങ്കിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി ക്ലാസ് കാണുന്നതാണ് ഉചിതം

iii. ടൈംടേബിൾ കൃത്യമായി മനസ്സിലാക്കി വയ്ക്കുക. 30 മിനിറ്റ് വീതമുള്ള ക്ലാസ്സുകളാണ് ഉണ്ടാവുക. അത്രയും സമയം ക്ലാസ്സ് വീക്ഷിക്കാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്തു വയ്ക്കുക.

iv. നോട്ടുബുക്ക്, പേന, പെൻസിൽ മുതലായവയെല്ലാം കരുതുക. ക്ലാസിനിടയിൽ കുറിച്ചെടുക്കേണ്ട കാര്യങ്ങൾ കുറിച്ചെടുക്കാൻ നോട്ടുപുസ്തകത്തിൽ തീയതി–സമയം രേഖപ്പെടുത്തി വയ്ക്കുക.

v. ക്ലാസിലെ മുന്നൊരുക്കം പരമപ്രധാനമാണ്. ഏതു വിഷയത്തിലാണോ ക്ലാസ് നടക്കുന്നത് അതിൽ മുൻ വർഷം പഠിച്ച പ്രധാന കാര്യങ്ങൾ എടുത്തു നോക്കുകയും പാഠപുസ്തകത്തിലൂടെയും ചെയ്ത പ്രവർത്തനങ്ങളിലൂടെയും കടന്നു പോയി ഓർമ പുതുക്കുകയും വേണം .

vi. വൈദ്യുതി തകരാർ മൂലമോ മറ്റു കാരണങ്ങളാലോ ക്ലാസ് മുഴുവൻ കാണാൻ സാധിക്കാതെ വന്നാൽ യൂട്യൂബിൽ ക്ലാസ് കാണാവുന്നതാണ്. സംശയങ്ങളുണ്ടെങ്കിൽ ആവർത്തിച്ച് കാണാനും ഡൗൺലോഡ് ചെയ്തു വയ്ക്കാനും കഴിയും. ചാനലിൽ പുന:പ്രക്ഷേപണവും ഉണ്ടാകും. ഇതെല്ലാം പ്രയോജനപ്പെടുത്തി ഒരു ക്ലാസ് പോലും ഒഴിവാകുന്നില്ല എന്ന് ഉറപ്പാക്കണം.

vii. മുന്നൊരുക്കം പോലെ തന്നെ പ്രധാനമാണ് തുടർ പ്രവർത്തനങ്ങൾ. ക്ലാസ്സിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ അടുത്ത ക്ലാസ്സിന് മുൻപ് പൂർത്തിയാക്കണം. സംശയ നിവാരണത്തിന് സ്വന്തം അധ്യാപകരുടെയും മുതിർന്നവരുടെയും സഹായം തേടണം. സ്ക്രീൻ ടൈം മാത്രമേ 30 മിനിറ്റ് അല്ലെങ്കിൽ ഒരു മണിക്കൂർ എന്ന് പരിമിതപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ പഠന പ്രവർത്തനത്തിന് സമയപരിധിയില്ലായെന്നോർക്കണം.

viii. ഫോൺ വഴിയോ നവമാധ്യമ കൂട്ടായ്മകൾ വഴിയോ അധ്യാപകരും സഹപാഠികളും ആയി ബന്ധം പുലർത്തണം. ക്ലാസിനെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കണം.

ix. പ്രൈമറി ക്ലാസുകളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആയിരിക്കും ആദ്യം ഉണ്ടാവുക മുതിർന്നവരുടെ സാന്നിധ്യത്തിൽ ക്ലാസുകൾ വീക്ഷിക്കുന്നത് ആണ് ഉചിതം. സംശയങ്ങൾ ചോദിച്ചും സഹായം സ്വീകരിച്ചും പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. പഠന പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ നവ മാധ്യമങ്ങൾ വഴി പങ്കുവയ്ക്കാനും സഹപാഠികളെ പ്രോത്സാഹിപ്പിക്കാനും മുൻകൈയെടുക്കണം.

x. നിങ്ങളുടെ അധ്യാപകർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണം. എന്തെങ്കിലും സംശയമുണ്ടെങ്കിൽ അധ്യാപകരോട് വിളിച്ച് ചോദിക്കാൻ മടിക്കരുത്.

## 2) അദ്ധ്യാപകർ

സമഗ്ര, ദിക്ഷ എന്നീ പോർട്ടലുകൾ, വീഡിയോ ക്ലാസുകൾ തുടങ്ങി പഠന സഹായികളായി നിരവധി സ്രോതസ്സുകളാണ് നമുക്കുചുറ്റും. ഉചിതമായത് തെരഞ്ഞെടുത്ത് ഫലപ്രദമായി പ്രയോജനപ്പെടുത്തി ഓൺലൈൻ ക്ലാസുകളുടെ തുടർച്ച ഉറപ്പാക്കേണ്ട ചുമതല അധ്യാപകർക്കുണ്ട്. നിരവധി അധ്യാപകർ ലോക് ഡൗൺ കാലത്ത് നവമാധ്യമങ്ങൾ വഴി കുട്ടികളും

രക്ഷകർത്താക്കളുമായി സമ്പർക്കം പുലർത്തുകയും പഠനാനുബന്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ വ്യാപൃതരാവുകയും വ്യക്തിഗതമായി ഫീഡ്ബാക്ക് നൽകി പ്രചോദിപ്പിക്കുകയും ചെയ്തിട്ടുള്ളത് മാതൃകയാണ്. ഒരു കുട്ടി പോലും ഇപ്പോൾ നടക്കുന്ന പഠനപ്രവർത്തന ങ്ങളിൽ നിന്ന് ഒഴിവായി പോകുന്നില്ല എന്ന് ഉറപ്പാക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

i. ക്ലാസ് കാണാൻ വീട്ടിൽ സംവിധാനം ഇല്ലാത്ത കുട്ടികളുടെ എണ്ണം ക്രോഡീകരി ക്കണം. ഇക്കാര്യം തനതായി പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ സ്കൂൾ മേധാവി യുടെ ശ്രദ്ധയിൽ കൊണ്ടുവരണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധി കൾ, കുടുംബശ്രീ സംവിധാനം, എസ്.എസി/ എസ്.ടി വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ തുടങ്ങി കുട്ടികൾക്ക് സൗകര്യം ഒരുക്കി ക്കൊടുക്കാൻ സാധ്യതയുള്ളവരുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ലഭ്യമാക്കാൻ മുൻകൈയെടുക്കണം.

ii. കുട്ടിക്ക് ക്ലാസ് കാണാൻ സൗകര്യം ഒരുക്കാൻ സാധിക്കുന്ന കേന്ദ്രങ്ങളായ വായന ശാലകൾ, അങ്കണവാടികൾ, അക്ഷയ കേന്ദ്രങ്ങൾ, സ്ക്കൂളുകൾ, പട്ടികജാതി പട്ടിക വർഗ്ഗവകുപ്പ് രൂപം കൊടുത്തിട്ടുള്ള പഠനമുറികൾ, എം.ജി.എൽ.സികൾ, വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സൗകര്യങ്ങൾ, കുടുംബശ്രീ നേതൃത്വ ത്തിൽ കണ്ടെത്തുന്ന പഠന കേന്ദ്രങ്ങൾ, സ്ക്കൂളുകൾ, സമഗ്രശിക്ഷയുടെ നേതൃത്വ ത്തിലുള്ള ബി.ആർ.സികൾ, സി.ആർ.സികൾ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സൗകര്യമൊരുക്കാനും കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കുട്ടികളെ അവിടെ എത്തിക്കാനും അധ്യാപകർ മുൻകൈയെടുക്കണം. അവരവരുടെ ക്ലാസ്സിലെ ഒരു കുട്ടിപോലും ഇത്തരത്തിൽ പരിഗണിക്കപ്പെടാതെ പോകുന്നില്ല എന്ന് എല്ലാ അദ്ധ്യാപകരും ഉറപ്പാക്കണം.

iii. സമയക്രമം, വിഷയം എന്നീ വിവരങ്ങൾ മനസ്സിലാക്കിവയ്ക്കുകയും ഇക്കാര്യങ്ങൾ എല്ലാ കുട്ടികളും രക്ഷകർത്താക്കളും അറിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ചെയ്യേണ്ടത് എന്നതിനെ കുറിച്ച് കുട്ടികൾക്ക് ഫോൺ വഴിയും സാമൂഹ്യ മാധ്യമങ്ങൾ വഴിയും നിർദേശങ്ങൾ നൽകി എല്ലാവരും ക്ലാസ്സ് കേൾക്കാൻ സജ്ജരാണ് എന്ന് ഉറപ്പാക്കുകയും വേണം.

iv. അധ്യാപകർ ക്ലാസ് സസൂക്ഷ്മം വീക്ഷിക്കണം. കേന്ദ്രീകൃതമായി തയ്യാറാക്കിയ ക്ലാസിൽ തന്റെ കുട്ടികളുടെ സാഹചര്യത്തിനനുസരിച്ച് എന്തെങ്കിലും കൂട്ടിച്ചേർക്ക ലുകളോ, അധിക പ്രവർത്തനങ്ങളോ വേണ്ടതുണ്ടെങ്കിൽ അത് സാമൂഹ്യ മാധ്യമങ്ങൾ വഴി കുട്ടികളുമായി പങ്കുവെക്കണം.

v. കുട്ടികളുടെ സംശയങ്ങൾ ദൂരീകരിക്കാൻ വേണ്ടതെല്ലാം ചെയ്യണം.

vi. ക്ലാസ്സിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ പിന്തുണ യും പ്രോത്സാഹനവും കുട്ടികൾക്ക് നൽകണം. ഭിന്നശേഷിക്കാർ, വീട്ടിൽ സഹായിക്കാൻ മുതിർന്നവരില്ലാത്ത കുട്ടികൾ എന്നിവർക്ക് അധ്യാപകരുടെ സഹായം കൂടിയേതീരൂ. ഇതിനായി ബദൽ ക്രമീകരണം കൂടിയാലോചിച്ച് തീരുമാനിക്കണം. റിസോഴ്സ് ടീച്ചർമാരുടെ സേവനം ക്രിയാത്മകമായി പ്രയോജന പ്പെടുത്താം.

vii. കഴിയുമെങ്കിൽ ഇത്തരം വീടുകളിൽ നേരിട്ട് എത്താനും പ്രാദേശികമായി കൂട്ടായ്മ രൂപീകരിച്ച് ഇവർക്ക് പഠന സൗകര്യം ഒരുക്കാനും റിട്ടയേർഡ് അധ്യാപകർ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ സംവിധാനം എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താനും അധ്യാപകർ ശ്രദ്ധിക്കണം

viii. രക്ഷകർത്താക്കളുമായി നിരന്തരം ബന്ധം പുലർത്തുകയും അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി സ്കൂൾ അധികൃതരെ അറിയിക്കുകയും കൂട്ടായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രദ്ധിക്കുകയും വേണം.

ix. കുട്ടി, രക്ഷിതാവ് എന്നിവരിൽ നിന്ന് ഫീഡ്ബാക്ക് സ്വീകരിക്കണം. അതുപോലെ കുട്ടികളുടെ സൃഷ്ടികൾ ശേഖരിച്ച് പരിശോധിച്ച് അംഗീകരിക്കുന്നതിനും മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതിനും കഴിയണം.

x. രക്ഷാകർത്താക്കളെ ചേർത്ത് ക്ലാസ്/വിഷയ തലഗ്രൂപ്പ് നവമാദ്ധ്യമങ്ങൾ വഴി ഉണ്ടാക്കുകയും അത് ഫലപ്രദമായി കുട്ടികൾക്കായി പ്രയോജനപ്പെടുത്തുകയും വേണം. ഇപ്രകാരമുള്ള ഗ്രൂപ്പുകൾ കൃത്യമായി അധ്യാപകർ നിയന്ത്രിക്കേണ്ടതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമാണ് ഇവ ഉപയോഗിക്കപ്പെടുന്നതെന്നും ഉറപ്പാക്കണം.

xi. എല്ലാ കുട്ടികളും ഒരു മുതിർന്ന അംഗത്തിന് ഒപ്പം (പ്രത്യേകിച്ച് ലോവർ പ്രൈമറി) ക്ലാസ്സ് കാണുന്നു എന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കണം.

xii. വർക്ക് ഷീറ്റുകളുടെയും മറ്റും രൂപത്തിൽ മൂല്യനിർണയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പഠന പുരോഗതി വിലയിരുത്താനും വ്യക്തിഗതമായി നിലവാരമനുസരിച്ച് പിന്തുണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും അധ്യാപകർ മുൻകൈ എടുക്കണം.

xiii. രക്ഷകർത്താക്കളുമായി നിരന്തരം ബന്ധം പുലർത്തുകയും അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി സ്കൂൾ അധികൃതരെ അറിയിക്കുകയും കൂട്ടായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രദ്ധിക്കുകയും വേണം.

xiv. ക്ലാസുകൾ വീക്ഷിക്കുന്ന കുട്ടികളുടെ വിവരം കൃത്യമായി കണക്കാക്കണം. പൂർണമായും കണ്ടവർ, ഭാഗികമായി കണ്ടവർ, തീരെ കാണാത്തവർ എന്ന് തരംതിരിച്ച് രേഖപ്പെടുത്തുകയും പൂർണമായും കാണാത്തവരോട് കാരണങ്ങൾ ചോദിച്ചറിഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കുകയും വേണം.

xv. ക്ലാസിന്റെ ഫലപ്രാപ്തി സംബന്ധിച്ച് അഭിപ്രായം ക്രോഡീകരിച്ച് രേഖപ്പെടുത്തണം. വിവരങ്ങൾ സ്കൂൾ മേധാവിക്ക് സമയാസമയം റിപ്പോർട്ട് ചെയ്യണം

<u>3) സ്കൂൾ മേധാവി</u>

i. എല്ലാ കുട്ടികളും ക്ലാസ് വീക്ഷിക്കുന്നു എന്നത് ഉറപ്പാക്കണം.

ii. ക്ലാസ് കാണാൻ വീടുകളിൽ സംവിധാനം ഇല്ലാത്ത ഏതെങ്കിലും കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ക്ലാസ് കാണാനുള്ള സൗകര്യം മേൽ സൂചിപ്പിച്ചിട്ടുള്ള അയൽപക്കകേന്ദ്രങ്ങളിൽ ഒരുക്കാൻ മുൻകൈയെടുക്കണം.

iii. സ്ക്കൂളുകളിൽ വിന്യസിച്ചിട്ടുള്ള കമ്പ്യൂട്ടർ/ടി.വി. എന്നിവ പഠനകേന്ദ്രങ്ങൾക്കു വിട്ടുനൽകണം. ആവശ്യം കഴിഞ്ഞാൽ ഇത് സ്ക്കൂളുകളിലേക്ക് തിരിച്ചെടുക്കണം. ഇതിനായി കൈറ്റ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പാലിക്കണം. ഇന്റർനെറ്റ് കണക്ഷൻ പ്രശ്നമുള്ള സ്ഥലങ്ങളിൽ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് പഠന കേന്ദ്രങ്ങളിൽ നൽകണം. ഇതിനുവേണ്ടിയുള്ള സാങ്കേതിക പിന്തുണയും ഉറപ്പാക്കണം.

iv. പഠനകേന്ദ്രങ്ങളുടെ തയ്യാറെടുപ്പുകൾക്കായി ബന്ധപ്പെട്ടവരുടെ സഹകരണം തേടണം.

v. സംപ്രേഷണ സമയക്രമം കുട്ടികൾക്കും രക്ഷിതാക്കൾക്കും മുൻകൂട്ടി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

vi. അദ്ധ്യാപകരുടെ മുന്നൊരുക്കം, ക്ലാസ്സ് വീക്ഷിക്കൽ, കുട്ടികളുടെ സംശയനിവാരണങ്ങൾ, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പ്രധാനാദ്ധ്യാപകൻ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കണം.

vii. നവമാധ്യമ സാധ്യത പ്രയോജനപ്പെടുത്തി എസ്.ആർ.ജി കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണം. എസ്.ആർ.ജി ആവശ്യമായ ഘട്ടങ്ങളിലെല്ലാം വിളിച്ചു ചേർക്കണം.

viii. അധ്യാപകർ മുന്നൊരുക്കം, തുടർ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും കുട്ടികൾക്ക് വേണ്ട പിന്തുണയും പ്രോത്സാഹനവും നൽകുന്നുണ്ടെന്നും ഉറപ്പാക്കണം. എല്ലാ തിങ്കളാഴ്ചയും അതിനുമുമ്പുള്ള ആഴ്ചയിലെ ക്ലാസ്സുകൾ എല്ലാ കുട്ടികളും കണ്ടുവെന്നും ക്ലാസുകൾ സംബന്ധിച്ചും അധ്യാപകരിൽ നിന്നും ഫീഡ് ബാക്ക് ശേഖരിക്കണം.

ix. നവമാധ്യമ സങ്കേതങ്ങളുപയോഗിച്ച് സ്റ്റാഫ് യോഗം ചേർന്ന് ഓരോ ക്ലാസ്സിന്റെയും ചുമതല നിശ്ചയിച്ച് നൽകണം. റിട്ടയർമെന്റ് മൂലമോ മറ്റു കാരണങ്ങളാലോ സ്കൂളിൽ നിന്ന് വിട്ടുപോയ അധ്യാപകരുടെ ചുമതല നിലവിലുള്ള അധ്യാപകർക്ക് കൃത്യമായി വിഭജിച്ച് നൽകണം.

x. ക്ലാസ് വീക്ഷിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ (പൂർണമായി ,ഭാഗികമായി, തീരെയില്ല എന്നിങ്ങനെ) സ്കൂൾതലത്തിൽ ക്രോഡീകരിക്കണം.

xi. പ്രദേശത്തെ കുട്ടികളുടെ സാമൂഹ്യ സാഹചര്യങ്ങൾ പരിഗണിച്ച് അധികമായി നൽകേണ്ട പ്രവർത്തനങ്ങൾ പിന്തുണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച ആസൂത്രണത്തിലും നടത്തിപ്പിലും നേതൃത്വം വഹിക്കണം.

xii. പാഠപുസ്തകം എല്ലാ കുട്ടികൾക്കും ലഭ്യമായി എന്നുറപ്പാക്കണം.

xiii. രക്ഷിതാക്കളുമായി നിരന്തര ബന്ധം പുലർത്തുകയും അവരുടെ ഫീഡ്ബാക്ക് ശേഖരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കുകയും വേണം.

xiv. സൈബർ നിയമങ്ങളെല്ലാം പാലിച്ചുവെന്ന് ഉറപ്പാക്കണം.

**4) രക്ഷിതാക്കൾ :**

i. ക്ലാസുകൾ വീക്ഷിക്കാനും തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും വേണ്ട സൗകര്യവും പിന്തുണയും നൽകാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. വീട്ടിൽ ക്ലാസ് വീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലായെങ്കിൽ വിവരം അധ്യാപകരെ അറിയിക്കുകയും ക്ലാസ്സ് കാണാനുള്ള ക്രമീകരണം ചെയ്യുകയും വേണം.

ii. കഴിയുന്നത്ര ടി.വി. ചാനലിലെ സമയക്രമം അനുസരിച്ച് കാണാൻ കുട്ടിയെ പ്രേരിപ്പിക്കണം. മൊബൈൽഫോൺ വഴിയാണ് കാണുന്നതെങ്കിൽ കുട്ടിയോടൊപ്പം മുതിർന്നവരുടെ സാന്നിധ്യം ഉണ്ടാക്കാൻ പരമാവധി ശ്രദ്ധിക്കണം. ക്ലാസിനെക്കുറിച്ച് കുട്ടിയുമായി ചർച്ചചെയ്ത് അവർക്ക് മനസിലായ കാര്യങ്ങൾ, നേരിടുന്ന പ്രയാസങ്ങൾ എന്നിവ സംബന്ധിച്ച് അഭിപ്രായം അധ്യാപകരെ അറിയിക്കണം.

iii. വീഡിയോ ക്ലാസ്സ് ഒരു ഉപാധി മാത്രമാണ്. പരിസരം നിരീക്ഷിക്കുകയും, അന്വേഷിക്കുകയും, വായിക്കുകയും, വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും

ചെയ്യുന്നതിലൂടെയാണ് പഠനം നടക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് കുട്ടിയെ പ്രേരിപ്പിക്കുകയും വേണ്ട പിന്തുണ നൽകുകയും വേണം.

iv. റഫറൻസ്, റിപ്പോർട്ടിങ്, അധ്യാപകരും സഹപാഠികളും ആയുള്ള സമ്പർക്കം എന്നിവയ്ക്ക് ഫോൺ ആവശ്യമായി വരും. ഫോൺ ഉപയോഗം മുതിർന്നവരുടെ മേൽ നോട്ടിൽ ആവുന്നതിന് ശ്രദ്ധിക്കണം. അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം വഴി പരിസരത്തുനിന്നും സാമൂഹ്യ ബന്ധങ്ങളിൽ നിന്നും കുട്ടി അകന്നു പോകാനും വിധേയത്വം രൂപപ്പെടാനും അവസരമൊരുക്കരുത്.

v. പുസ്തക വായന പ്രോത്സാഹിപ്പിക്കണം

vi. ലോക് ഡൗൺ നിയന്ത്രണങ്ങൾ തുടരുന്ന ഈ സാഹചര്യത്തിൽ അധികമായി ലഭിക്കുന്ന സമയത്ത് പൂന്തോട്ടം,പച്ചക്കറിത്തോട്ട നിർമ്മാണം, വീടും പരിസരവും വൃത്തിയാക്കൽ, നിർമാണപ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ കുട്ടിക്ക് അവസരമൊരുക്കണം. ഒറ്റപ്പെടലിന്റെ മാനസിക സമ്മർദ്ദം കുറയ്ക്കാൻ അവരോടൊപ്പം സമയം ചെലവഴിക്കാൻ ശ്രദ്ധിക്കണം.

vii. വർക്ക്ഷീറ്റുകൾ യഥാസമയം കുട്ടികൾക്കു ലഭ്യമാക്കാനും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നു എന്നുറപ്പാക്കാനും കഴിയണം.

### 5) അധ്യാപക രക്ഷാകർതൃ സമിതി /എസ്എംസി

i. അതത് സ്കൂളിലെ കുട്ടികൾക്ക് ഡിജിറ്റൽ പഠന പരിപാടിയുടെ പ്രയോജനം ലഭിക്കുന്നു എന്ന് ഉറപ്പാക്കണം.

ii. ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാകാത്ത കുട്ടികൾക്ക് പൊതു ഇടങ്ങളിൽ സൗകര്യം ഒരുക്കുന്നതിന് വിവിധ ഏജൻസികളുമായി ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

iii. പാഠപുസ്തകങ്ങൾ സ്കൂളിൽ നിന്ന് വാങ്ങാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

iv. കുട്ടികൾക്കുള്ള തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രൈമറി ക്ലാസ്സുകൾക്കുള്ള വർക്ക്ഷീറ്റുകൾ കുട്ടികളുടെ വീടുകളിൽ എത്തിക്കുന്നതിന് പങ്കാളികളാകാവുന്നതാണ്.

v. വിദ്യാഭ്യാസ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് നൽകുന്ന നിർദ്ദേശങ്ങൾ സ്കൂൾ മേധാവി അറിയിക്കുമ്പോൾ അതിനനുസരിച്ച് സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കണം.

### 6) ക്ലസ്റ്റർ കോർഡിനേറ്റർ

i. ക്ലസ്റ്ററിലെ മുഴുവൻ പ്രഥമാദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിയുടെ ഏകോപന ത്തിനും അവലോകനത്തിനും നേതൃത്വം നൽകണം.

ii. എല്ലാ കുട്ടികളും അധ്യാപകരും ഡിജിറ്റൽ ക്ലാസുകളുടെ പ്രവർത്തനങ്ങളിൽ സക്രിയ പങ്കാളികളാകുന്നു എന്ന് ഉറപ്പു വരുത്തണം.

iii. ക്ലസ്റ്ററിലെ അധ്യാപകരുമായി ചേർന്ന് ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാകാത്ത കുട്ടികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ശേഖരിച്ച് ബി.ആർ.സിയെ അറിയിക്കണം

iv. പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ വിശദാംശങ്ങൾ സ്കൂളുകളിൽ നിന്നും ശേഖരിച്ച് എല്ലാ കുട്ടികൾക്കും വീടുകളിൽ അവ ലഭ്യമാക്കുന്നതിന്

അധ്യാപകർ പി.ടിഎ, എസ്.എം.സി, ജനപ്രതിനിധികൾ എന്നിവരോട് ഒന്നിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

v. സമഗ്ര ശിക്ഷാ കേരളം തയ്യാറാക്കി നൽകുന്ന വർക്ക് ഷീറ്റുകൾ പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിന് നേതൃത്വം നൽകണം.

vi. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും ഡിജിറ്റൽ പിന്തുണാ സംവിധാനം ഒരുക്കുന്നതിനും റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പാക്കണം.

vii. സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പഠനം ലഭ്യമാകാത്ത കുട്ടികൾക്ക് പ്രോട്ടോക്കോൾ പാലിച്ച് വീടിനടുത്തുള്ള ഒരു പൊതു ഇടത്തിൽ സൗകര്യം ഒരുക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ അധ്യാപകർ, പി.ടി.എ, എസ്.എം.സി അംഗങ്ങൾ, വായനശാലാ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരോടൊപ്പം ചേർന്നു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

viii. ക്ലസ്റ്റർ തലത്തിൽ സ്കൂൾ മേധാവികൾ, ക്ലാസ് ടീച്ചർമാർ, വിഷയ ടീച്ചർമാർ, സി.ആർ.സി കോഡിനേറ്റർ എന്നിവർ മാത്രമുള്ള നവമാധ്യമ ഗ്രൂപ്പ് രൂപീകരിച്ച് തത്സമയ സഹായവും പിന്തുണയും നൽകുന്നതിന് നേതൃത്വം നൽകണം. ആവശ്യമെങ്കിൽ വിഷയ വിദഗ്ധന്മാരുടെ സേവനവും അതത് സമയങ്ങളിൽ ഉറപ്പാക്കണം.

ix. ഡിജിറ്റൽ സംവിധാനം പ്രയോജനപ്പെടുത്തുമ്പോൾ സൈബർ നിയമങ്ങളെല്ലാം പാലിക്കേണ്ടതാണ്.

7) **പി.ഇ.സി / എം.ഇ.സി**

i. ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകുന്നതിന് പരിമിതിയുള്ള വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ സ്കൂൾ മേധാവികളിൽ നിന്നും ശേഖരിക്കൽ.

ii. ഇതിനായി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തൽ.

iii. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ മുഴുവൻ കുട്ടികളും ഓൺലൈൻ ക്ലാസ്സുകൾ കാണുന്നു എന്ന് ഉറപ്പാക്കൽ.

iv. അധ്യാപകരുടെ തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യമൊരുക്കൽ.

v. വർക്ക് ഷീറ്റുകൾ പ്രൈമറി തലത്തിലുള്ള എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തൽ.

8) **ഡയറ്റ്**

i. ജില്ലയിലെ അക്കാദമിക പ്രവർത്തനത്തിന്റെ ഏകോപന നേതൃത്വം വഹിക്കൽ.

ii. എസ്.ഇ.ആർ.ടി യുടെ നിർദ്ദേശത്തിനനുസരിച്ച് ആവശ്യമായ ഘട്ടത്തിൽ പാഠഭാഗങ്ങൾ ഓൺലൈൻ വിഭവങ്ങളായി തയ്യാറാക്കി സംസ്ഥാന ഘടകങ്ങൾക്ക് നൽകൽ.

iii. അധ്യാപക പഠന കൂട്ടായ്മകൾക്ക് പരിശീലനം (അക്കാദമികം, സാങ്കേതികം) ഉറപ്പാക്കൽ.

iv. ഓൺലൈൻ ക്ലാസുകൾ എടുക്കുന്നതിനുള്ള അധ്യാപകരെ കണ്ടെത്തലും അവരെ തയ്യാറെടുപ്പിക്കലും.

v. ജില്ലാതലത്തിലും ബി.ആർ.സി.തലത്തിലും മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നേതൃത്വം നൽകൽ.

vi. അധ്യാപകർക്ക് ഓൺലൈൻ ക്ലാസുകളുടെ തുടർപ്രവർത്തനങ്ങൾക്കായി മൊബൈൽ വഴി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

vii. സ്കൂൾ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ അക്കാദമിക കാര്യങ്ങൾ തൽസമയ പിന്തുണ ഉറപ്പാക്കുന്നതിന് ഉപജില്ലാ അടിസ്ഥാനത്തിൽ നവമാധ്യമ ഗ്രൂപ്പുകൾ രൂപീകരിച്ച് എസ് ആർ ജി കൺവീനർമാരെ ഉൾപ്പെടുത്തണം. ഫാക്കൽറ്റി അംഗങ്ങൾ നേതൃത്വം നൽകണം.

viii. ഇതുപോലെ തന്നെ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ സ്കൂൾ സബ്ജക്ട് കൗൺസിൽ പ്രതിനിധികൾ, വിഷയാടിസ്ഥാനത്തിൽ വിദഗ്ധരായ അധ്യാപകർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, സഹായിക്കാൻ കഴിയുന്ന വിരമിച്ച അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി നവമാധ്യമ ഗ്രൂപ്പുകൾ രൂപീകരിക്കണം.

ix. ആഴ്ചയിലൊരിക്കൽ നടന്ന പ്രവർത്തനങ്ങൾ ഡയറ്റ് അധ്യാപകർ വിശകലനം ചെയ്യണം. മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തണം.

x. സമാനമായ രീതിയിൽ ഹയർസെക്കൻഡറി തലത്തിൽ ജില്ലാതല ഗ്രൂപ്പുകൾ രൂപീകരിക്കണം. ഹയർസെക്കൻണ്ടറി ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ആകണമിത്.

xi. തമിഴ്, കന്നഡ മാധ്യമ ക്ലാസ്സുകൾ, അറബിക്, ഉറുദു, സംസ്കൃതം, കലാ, കായിക, പ്രവൃത്തി പരിചയ വിഷയങ്ങളുടെ ക്ലാസ്സുകൾ ആവശ്യമായ ഘട്ടങ്ങളിൽ മറ്റു വിഷയ മേഖലകൾ എന്നിവ നവമാധ്യമങ്ങൾ വഴി കുട്ടികൾക്ക് ലഭ്യമാകാൻ വേണ്ടുന്ന വിഭവവികസനവും പ്രചരണവും എസ്.സി.ഇ.ആർ.ടിയുടെ നിർദ്ദേശാനുസരണം നിർവ്വഹിക്കൽ.

**9) സമഗ്ര ശിക്ഷാ കേരളം**

**I. സംസ്ഥാനതലം**

i. ഒന്നാം ക്ലാസിലെ കുട്ടികൾക്കും യു.പി. വിഭാഗം കുട്ടികൾക്കും ഉള്ള ഓൺലൈൻ ക്ലാസുകൾ എസ്.സി.ഇ.ആർ.ടി. യുടെ നിർദേശാനുസരണം ചിത്രീകരണം നടത്തി തയ്യാറാക്കൽ.

ii. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് പൂർത്തിയാക്കിയ വീഡിയോകൾ കൃത്യമായി എഡിറ്റ് ചെയ്ത് ഓരോ ദിവസവും ടെലികാസ്റ്റ് ചെയ്യാനുള്ള എപ്പിസോഡുകളുടെ കോപ്പി കൈറ്റ് വിക്ടേഴ്സിൽ നൽകൽ.

iii. ഓൺലൈൻ ക്ലാസുകളുടെ വിശദാംശങ്ങൾ ട്രെയിനർമാർ, സി.ആർ.സി.സി.മാർ എന്നിവർ വഴി വേണ്ട പ്രചാരണം നൽകൽ, അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകൽ.

iv. അധ്യാപകരിൽ നിന്നു കിട്ടുന്ന ഫീഡ്ബാക്കുകൾ യഥാസമയം ജില്ലാതല ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് ബി.ആർ.സി.കൾക്ക് നിർദേശം നൽകൽ.

v. ഒന്നാം ക്ലാസ്, യു.പി. വിഭാഗം എന്നീ കുട്ടികൾക്കുള്ള ഓൺലൈൻ ക്ലാസ് കൈകാര്യം ചെയ്യുന്നതിനും ഷൂട്ടിംങ്ങിനും ആവശ്യമായ ചെലവുകൾ വഹിക്കൽ.

vi. ഓൺലൈൻ ക്ലാസുകളുടെ വെളിച്ചത്തിൽ ആവശ്യമായ തുടർ പ്രവർത്തനങ്ങൾക്കു തകുന്നതരത്തിലുള്ള പ്രൈമറി ക്ലാസ്സുകൾക്കായുള്ള വർക്ക്ഷീറ്റുകൾ തയാറാക്കി എസ്.സി.ഇ.ആർ.ടി.-യുടെ അംഗീകാരത്തോടെ പ്രിന്റു ചെയ്ത് കുട്ടികൾക്ക് സ്കൂൾ അധ്യാപകരോടൊപ്പം വീടുകളിലെത്തിക്കൽ

vii. കുട്ടികൾക്കു നൽകിയ വർക്ക്ഷീറ്റുകൾക്കാവശ്യമായ പിന്തുണാസംവിധാനം ബി.ആർ.സി. തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

viii. ഓൺലൈൻ ക്ലാസുകളുടെ മോണിറ്ററിംഗ് ജില്ലാതലത്തിലും ബി.ആർ.സി.തല ത്തിലും ഉള്ള വിദ്യാഭ്യാസ സമിതികളുടെ സഹകരണത്തോടെ സംഘടിപ്പിക്കൽ.

ix. കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സ്കൂളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി കൾ സ്കൂൾ അധികൃതരുമായി ചേർന്നു നിർവ്വഹിക്കൽ

x. എല്ലാ തലങ്ങളിലും സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പഠനവുമായി ബന്ധപ്പെട്ട സംശയങ്ങൾ പരാതികൾ എന്നിവ പരിഹരിക്കുന്നതിനായി ഒരു ഹെൽപ്പ് ഡെസ്ക് സേവനം ഉറപ്പുവരുത്തണം. ആരുടെയെല്ലാം ഫോൺ നമ്പർ കൊടുക്കാമോ അത് നിശ്ചയിച്ച് നൽകണം.

**II ജില്ലാതലം**

i. ഓൺ ലൈൻ ക്ലാസുകളുടെ വിശദാംശങ്ങൾ ട്രെയിനർമാർ, സി.ആർ.സി.സിമാർ, ആർ.ടിമാർ എന്നിവർ വഴി വേണ്ട പ്രചാരണം നൽകേണ്ടതും അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

ii. ഓൺലൈൻ ക്ലാസുകളുടെ ജില്ലാതലത്തിലുള്ള ഏകോപനം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ചേർന്ന് നിർവ്വഹിക്കണം.

iii. ഓൺലൈൻ ക്ലാസുകളുടെ ജില്ലാതല മോണിറ്ററിംഗ് ജില്ലാ വിദ്യാഭ്യാസ സമിതി യുടെ സഹകരണത്തോടെ സംഘടിപ്പിക്കണം.

iv. പാഠപുസ്തകങ്ങൾ സ്കൂളിൽ നിന്നും ലഭിച്ചിട്ടില്ലാത്ത കുട്ടികൾക്ക് അത് വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടിക്ക് നേതൃത്വം നൽകണം.

v. ഡിജിറ്റൽ സംവിധാനങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകൾ വീക്ഷിക്കുന്നതിനായി പൊതുഇടങ്ങളിൽ സൗകര്യം ഒരുക്കുന്നതിന് വിവിധ ഏജൻസി കളുമായി ഏകോപിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

vi. എൽ.പി, യു.പി ക്ലാസുകളിലെ കുട്ടികൾക്കുള്ള വർക്ക്ഷീറ്റുകൾ സമയാസമയ ങ്ങളിൽ കുട്ടികൾക്ക് ലഭ്യമാക്കണം.

**III ബ്ലോക്കുതലം**

i. രക്ഷിതാക്കളുടെയും അധ്യാപകരുടെയും പഠന കൂട്ടായ്മ രൂപീകരിക്കണം.

ii. നവമാധ്യമ ഗ്രൂപ്പുകൾ ഉണ്ടാക്കണം.

iii. പഠന കൂട്ടായ്മകളുടെ ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കൽ -മുഖാമുഖ ലൈവ്

iv. കൂടിച്ചേരലുകൾ സംഘടിപ്പിക്കാവുന്നതാണ്.

v. ഓൺലൈൻ ക്ലാസുകളുടെ സമയക്രമം ബന്ധപ്പെട്ട എല്ലാവരിലും എത്തി എന്ന് ഉറപ്പാക്കണം.

vi. എല്ലാ കുട്ടികളും അധ്യാപകരും ഓൺലൈൻ ക്ലാസുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പുവരുത്തണം.

vii. കുട്ടികൾക്കുള്ള തുടർപ്രവർത്തനങ്ങളുടെ ഭാഗമായുള്ള വർക്ക്ഷീറ്റുകൾ കുട്ടികളുടെ വീടുകളിൽ അധ്യാപകരോടൊപ്പം എത്തിക്കുന്നതിനും കുട്ടികൾക്കാവശ്യമുള്ള പിന്തുണ ഉറപ്പുവരുത്തുന്നതിനും നേതൃത്വം നൽകണം.

viii. പാഠപുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും ലഭിച്ചു എന്ന് ഉറപ്പാക്കണം.

ix. ബി.ആർ.സി.തലത്തിലുള്ള മോണിറ്ററിംഗിന് നേതൃത്വം നൽകണം.

x. മോണിറ്ററിംഗ് റിപ്പോർട്ട് തയാറാക്കി ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറണം.

xi. കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മികച്ച ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഡോക്യുമെന്റ് ചെയ്യണം.

xii. പഞ്ചായത്ത് മെമ്പർ, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, പട്ടികജാതി/പട്ടിക വർഗ വകുപ്പ്, ആശാവർക്കർ, പ്രമോട്ടർമാർ ഇവരെ ഉൾപ്പെടുത്തി നവമാധ്യമ ഗ്രൂപ്പ് രൂപീകരിച്ച് പഞ്ചായത്തുതല ഓൺലൈൻ പരിപാടിക്ക് അവരുടെ പിന്തുണ ഉറപ്പാക്കാവുന്നതാണ്. എല്ലാ സ്കൂളുകളെയും മേധാവികളെയും ഈ കൂട്ടായ്മ യിൽ അംഗമാക്കണം.

10) **എസ് സി ഇ ആർ ടി**

i. ഈ പ്രവർത്തനങ്ങളുടെ അക്കാദമിക കോ-ഓർഡിനേഷൻ

ii. ഓൺലൈൻ ക്ലാസുകളുടെ സമയക്രമം എല്ലാ ഏജൻസികളുമായി ആലോചിച്ച് കൃത്യമായി ക്രമപ്പെടുത്തൽ. ഇത് സമയാസമയം പ്രസിദ്ധീകരിക്കൽ.

iii. ഓൺലൈൻ ക്ലാസ് എടുക്കുന്നതിന് വിദഗ്ധരായ അധ്യാപകരെ കൂട്ടായ ചർച്ചയിലൂടെ മുൻകൂട്ടി തെരഞ്ഞെടുക്കൽ

iv. ക്ലാസ് എടുക്കുന്ന അധ്യാപകർ തയാറാക്കുന്ന സ്ക്രിപ്റ്റ് പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തി മെച്ചപ്പെടുത്തി അംഗീകാരം നൽകൽ.

v. ഓൺലൈൻ ക്ലാസുകൾ ഫലപ്രദമാക്കാൻ ക്ലാസ് അധ്യാപകർ, പ്രഥമാധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ എന്നിവർ എന്തു ചെയ്യണമെന്നുള്ള അക്കാദമിക നിർദേശങ്ങൾ ആവശ്യാനുസരണം തയ്യാറാക്കി നൽകൽ.

vi. ഡയറ്റുകളുടെ സാധ്യതകൂടി പ്രയോജനപ്പെടുത്തി ക്ലാസുകൾ ചിത്രീകരിക്കുന്നതിന് അക്കാദമിക പിന്തുണ നൽകൽ.

vii. വിവിധ ഏജൻസികൾ തയ്യാറാക്കുന്ന സ്ക്രിപ്റ്റുകളുടെയും വിഭവങ്ങളുടെയും അനുയോജ്യതയും നിലവാരവും ഉറപ്പാക്കലും പരിശോധിച്ച് അംഗീകാരം നൽകലും.

viii. സംപ്രേഷണ പാഠങ്ങളുടെ ഉള്ളടക്കം തയ്യാറാക്കുന്നിതിനായി എസ് എസ് കെ, ക്യു ഐ.പി, യജ്ഞം, ഡയറ്റ് എന്നിവരുടെ സഹകരണം ഉറപ്പാക്കൽ.

11) **എസ്.ഐ.ഇ.ടി**

നിർദ്ദേശിക്കപ്പെട്ട ക്ലാസ്സുകളുടെ വീഡിയോ പാഠങ്ങൾ തയ്യാറാക്കൽ, ആനിമേഷൻ ഷൂട്ടിംഗ്, എഡിറ്റിംഗ്.

12) കൈറ്റ് – സംസ്ഥാന തലം

i. സാങ്കേതിക കോ ഓർഡിനേഷൻ
ii. ഈ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ പാഠഭാഗങ്ങളുടെ സംപ്രേഷണ ചുമതല
iii. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രഷണം ചെയ്യുന്ന പാഠഭാഗങ്ങൾ വിക്ടേഴ്സ് വെബ്ബ് വഴിയും യൂട്യൂബ് അടക്കമുള്ള നവമാധ്യമങ്ങൾ വഴിയും ലഭ്യമാക്കൽ.
iv. നിർദ്ദേശിക്കപ്പെട്ട ക്ലാസ്സുകളുടെ വീഡിയോ പാഠങ്ങൾ തയ്യാറാക്കൽ, ആനിമേഷൻ, ഷൂട്ടിംഗ്, എഡിറ്റിംഗ്.
v. കൈറ്റ് ജില്ലാതലത്തിൽ എന്തൊക്കെ ചെയ്യണം എന്നു നിർദ്ദേശം നൽകൽ.

13) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

i. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കൽ. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇടക്കാല വിലയിരുത്തലുകൾ നടത്തി ഓൺലൈൻ ക്ലാസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലിനു സഹായകമായ ക്രമീകരണങ്ങൾ ഒരുക്കുന്നത്, മറ്റ് സംവിധാനങ്ങളെ സഹായിക്കൽ.
ii. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സമിതി രൂപീകരിച്ച് കൃത്യമായ വിലയിരുത്തലുകൾ നടത്തുന്നു എന്നുറപ്പാക്കൽ.
iii. ആവശ്യമായ മോണിറ്ററിംഗ് ഫോർമാറ്റ് തയാറാക്കി നൽകുന്നു എന്നും, അതിന്റെ തുടർപ്രവർത്തനം നടക്കുന്നു എന്നും ഉറപ്പിക്കൽ.

14) പൊതുവിദ്യാഭ്യാസ ഡയറക്ടർ

I പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

i. ഏകോപനം (ഡിജിഇ പരിധിയിൽ വരുന്ന സംവിധാനങ്ങൾ, ഉദ്യോഗസ്ഥർ, സമഗ്രശിക്ഷ കേരളം, എസ്.സി.ഇ.ആർ.ടി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കൈറ്റ്, എസ്.ഐ.ഇ.ടി)
ii. റിവ്യൂ
iii. മോണിറ്ററിങ്ങ്
iv. മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ നൽകൽ
v. ഇതര വകുപ്പുകളുടെ സഹായം ഉറപ്പാക്കൽ
vi. ആവശ്യമായ പ്രചരണം ഉറപ്പാക്കൽ അതിനായി ചാനലുകൾ പത്രമാധ്യമങ്ങൾ എന്നിവയുടെ പിന്തുണ നേടൽ

II ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി അക്കാദമിക വിഭാഗം

i. എച്ച്എസ്എസ് വിഎച്ച്എസ്എസ് വിഭാഗത്തിനുള്ള ക്ലാസുകൾ തയ്യാറാക്കുന്നതിന് അധ്യാപകരെ തെരഞ്ഞെടുക്കലും എസ്സിഇആർടി, എസ്എസ്കെ, കൈറ്റ്, എസ്.ഐ.ഇ.ടി എന്നിവർക്ക് അധ്യാപകരെയടക്കം ആവശ്യമായ പിന്തുണ നൽകലും
ii. മോണിട്ടറിംഗ്

**III പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (ക്യൂ.ഐ.പി. വിഭാഗം)**

i. അധ്യാപകർക്ക് വേണ്ട നിർദേശങ്ങൾ കൃത്യമായി നൽകുന്നു എന്ന് ഉറപ്പാക്കൽ

ii. അക്കാദമിക് മോണിറ്ററിംഗ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും ഉപജില്ലാതലത്തിലും സമിതി ഉണ്ടാക്കുന്നതിന് നേതൃത്വം നൽകൽ, ഇവയെല്ലാം കൃത്യമായി നടക്കുന്നതിന് വേണ്ട നിർദേശങ്ങൾ യഥാസമയം എസ്.സി. ഇ.ആർ.ടി.-യുടെയും എസ്.എസ്.കെ.-യുടെയും സഹകരണത്തോടെ ബന്ധപ്പെട്ട വർക്കു നൽകൽ.

iii. ഓൺലൈൻ ക്ലാസിനു മുൻപും ശേഷവും നേരിട്ടോ, നവമാധ്യമങ്ങൾ വഴിയോ, ഫോൺ വഴിയോ രണ്ടും കൂടിയോ അധ്യാപകർ കുട്ടികളുമായി സമ്പർക്കം പുലർത്തുന്നു എന്ന് ഉറപ്പാക്കാനുള്ള നിർദ്ദേശം നൽകൽ.

iv. വർക്ക്ഷീറ്റുകളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് കുട്ടികൾക്കാവശ്യമായ പിന്തുണ അധ്യാപകർ നൽകുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട സംവിധാനങ്ങൾ നൽകി എന്നുറപ്പാക്കൽ.

v. കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ മോണിറ്റർ ചെയ്യൽ.

**IV ജില്ലാതലം**

i. സ്കൂൾതലത്തിലും ഉപജില്ലാതലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും ഈ പദ്ധതി ഫലപ്രദമായി നടക്കുന്നുവെന്നുറപ്പാക്കൽ.

ii. ഭൗതികവും സാങ്കേതികവുമായ പ്രശ്നങ്ങൾ ഏത് തലത്തിലുണ്ടായാലും അത് കണ്ടെത്തി പരിഹരിക്കൽ.

iii. ജില്ലയിലെ എല്ലാ ഏജൻസികളുടെയും ഫലപ്രദമായ ഏകോപനം. ഇതിനായി ഡി.ഡി. ഇ, ആർ.ഡി.ഡി, എ.ഡി, സമഗ്രശിക്ഷാ ഡി.പി.സി, ഡയറ്റ് പ്രിൻസിപ്പൽ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോ ഓർഡിനേറ്റർ, കൈറ്റ് കോ ഓർഡിനേറ്റർ എന്നിവരടങ്ങിയ സമിതിയുടെ ഏകോപനം. ഏകോപന ചുമതല ഡി.ഡി.ഇയ്ക്ക് ആയിരിക്കും.

iv. മോണിറ്ററിങ്

v. റിവ്യൂ

**V വിദ്യാഭ്യാസ ജില്ലാതലം**

i. ജില്ലാതല നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കൽ

ii. ആവശ്യമുള്ള സന്ദർഭങ്ങളിൽ നവമാധ്യമ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് വൈസ് പ്രിൻസിപ്പൽ/ എച്ച്.എം എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തൽ

iii. മോണിട്ടറിംഗ്

iv. മേൽതലങ്ങളിലേക്ക് റിപ്പോർട്ട് നൽകൽ.

**VI ഉപജില്ലാതലം**

i. പരിധിയിൽ വരുന്ന മുഴുവൻ വിദ്യാലയങ്ങളിലും മുഴുവൻ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ വീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ.

ii. ബി.ആർ.സിയുമായി സഹകരിച്ച് അക്കാദമിക തുടർപ്രവർത്തനം നടക്കുന്നുവെന്ന് ഉറപ്പാക്കൽ. ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റിയുടെ പങ്കാളിത്തം ഉറപ്പാക്കൽ.

iii. മോണിട്ടറിംഗ്

iv. റിവ്യൂ

v. ആവശ്യമുള്ള സന്ദർഭങ്ങളിൽ നവമാധ്യമ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് പ്രഥമാധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തൽ

5. **ഉപസംഹാരം**

കോവിഡ് 19 ഉയർത്തുന്ന പ്രതിസന്ധികളുടെ നാളുകളിൽ നമ്മുടെ കുട്ടികൾക്ക് ആത്മവിശ്വാസം പകരാനും അവരെ കർമ്മോത്സുകരാക്കാനും പരിമിതക്കുള്ളിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും കഴിയണം. സ്കൂൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നതുവരെ വിദ്യാഭ്യാസ രംഗത്ത് നാം നടത്തുന്ന നവീനമായ അന്വേഷണത്തെ ചിട്ടപ്പെടുത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും കൂട്ടിയിണക്കുന്നതിനുമുള്ള വഴികാട്ടിയായി ഈ മാർഗ്ഗരേഖയെ സമീപിക്കണം.

